www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം | വാല്യം : 10 | ലക്കം : 1 | ജൂലൈ 2024 | പേജ് 12 | ത്രൈമാസിക




# ധന്യൻ മാർ ഈവാനിയോസ് പിതാവും ബഥനി സന്യാസിനീ സമൂഹത്തിലൂടെയുള്ള സുവിശേഷപ്രചാരണവും


**സിസ്റ്റർ ഡോ. ആർദ്ര SIC**

*സുപ്പീരിയർ ജനറൽ, ബഥനി സന്യാസിനി സമൂഹം*


പ്രാർത്ഥന കൊണ്ടും പുണ്യപ്രവർത്തികൾ കൊണ്ടും നിന്നെ മഹത്വപ്പെടുത്തുകയും ലോകത്തിന് നിന്റെ വിശുദ്ധിയും സ്നേഹവും വെളിപ്പെടുത്തുകയും ചെയ്യുന്ന പുണ്യാത്മാക്കളായ അനേകം സ്ത്രീ പുരുഷന്മാരെ നീ തരേണമെ (ഗിരിദീപം പേജ് 66) എന്നത് നിരന്തര പ്രാർത്ഥനയായി ദൈവതിരുസന്നിധിയിലേക്കുയർത്തിയ തപോധനനായ മാർ ഈവാനിയോസ് പിതാവിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ബഥനി മക്കൾ പ്രണാമം അർപ്പിക്കുന്നു. വന്ദ്യതാതന്റെ ഈ പ്രാർത്ഥനയ്ക്ക് സ്വർഗ്ഗം കനിഞ്ഞു നൽകിയ പ്രത്യുത്തരമാണ് ബഥനി സന്യാസ-സന്യാസിനീ സമൂഹങ്ങൾ. ഐക്യത്തിന്റെ പ്രവാചകനും പാവന ചരിതനുമായ ഈ പുണ്യപിതാവിന്റെ മനോമുകുരത്തിൽ ഉദിച്ചുയർന്ന സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ് 100 വർഷങ്ങൾക്കു മുമ്പ് രൂപീകൃതമായ ഈ സമൂഹങ്ങൾ. സമൂഹത്തിന്റെ സ്ഥാപനത്തിലും വളർച്ചയിലുമെല്ലാം അനിതരസാധാരണമായ ദൈവപരിപാലന നമുക്ക് ദർശിക്കാനാകും. സന്യാസം എന്നത് മലങ്കര സുറിയാനി സഭയിൽ കേട്ടുകേൾവി പോലുമില്ലാതിരുന്ന കാലത്ത്, പൗരസ്ത്യ സന്ന്യാസവും ഭാരതീയ സന്ന്യാസമൂല്യങ്ങളും ആചാരങ്ങളും ഉൾച്ചേർത്തുകൊണ്ടുള്ള സന്യാസസമർപ്പണത്തിലൂടെ, പ്രാർത്ഥനയിൽ ആഴപ്പെട്ടും അടിയുറച്ച ദൈവാശ്രയബോധത്തോടെയും പ്രവർത്തനത്തിനു വേണ്ടി ശക്തി സംഭരിക്കണമെന്ന് ജീവിതം കൊണ്ട് കാട്ടിത്തന്ന ഈ സ്നേഹതാതന്റെ ദീപ്തമായ ജീവിതം മലങ്കരയുടെ ഭാഗ്യങ്ങളുടെ കലവറ തന്നെയാണ് എന്നതിൽ രണ്ട് പക്ഷമില്ല.

ഈ പുണ്യപിതാവിന്റെ മഹത്തായ ജീവിതത്തെ അധികരിച്ച്, മാർ ഈവാനിയോസ് പിതാവിന്റെ കബറടക്കമധ്യേ അഭിവന്ദ്യ കാവുകാട്ട് പിതാവ് നടത്തിയ പ്രഭാഷണം ഈ മഹാനുഭാവന്റെ ജീവിതത്തെ വരുംതലമുറയ്ക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിന് സഹായകമാകും എന്നത് നിസ്തർക്കമായ യാഥാർത്ഥ്യമാണ്. അദ്ദേഹം പറഞ്ഞു, കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല ക്രൈസ്തവസമൂഹത്തിനാകമാനമുള്ള ഒരു ഉജ്ജ്വലതാരമാണ് ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നത്. മതകാര്യങ്ങളിലും വിദ്യാഭ്യാസകാര്യങ്ങളിലും ഒരു പോലെ ശോഭിച്ച ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു വന്ദ്യ പിതാവ്. അതിനേക്കാൾ ഏറെ മഹത്തരമായതാണല്ലോ വിവിധ സന്യാസസമൂഹങ്ങളുടെ സ്ഥാപനം. മഹാന്മാർ മരിച്ചാലും അവരുടെ പ്രവർത്തനങ്ങൾ വഴി അവർ ജീവിക്കും. ഇദ്ദേഹത്തിന്റെ സേവനത്തിന്റെ സ്മാരകങ്ങൾ ഈ ഓർമ്മയെ സജീവമായി നിലനിർത്തും. അദ്ദേഹം സ്ഥാപിച്ച കന്യാസ്ത്രീ മഠങ്ങളിലേയും ആശ്രമങ്ങളിലേയും കന്യകകളും സന്യാസികളും അദ്ദേഹത്തെ മറക്കുമോ? തീർച്ചയായുമില്ല. അവരുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ പ്രശസ്തിയേയും പ്രാഗൽഭ്യത്തേയും വിളിച്ചറിയിക്കുക തന്നെ ചെയ്യും. ബഥനിയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ വിളഭൂമിയായ മലങ്കര സഭയുടേയും സാർവ്വത്രിക സഭയുടേയും അപ്പസ്തോലിക പ്രവർത്തനങ്ങളിൽ പ്രതിജ്ഞാബദ്ധയായ ബഥനിയുടെ ശുശ്രൂഷകൾ തീർച്ചയായും ഈ മഹാരഥന്റെ പ്രാഗത്ഭ്യത്തേയും പ്രശസ്തിയേയും വിളിച്ചറിയിക്കുന്നവ തന്നെയാണ് എന്നത് നന്ദിയോടെ സ്മരിക്കുന്നു.

സമർപ്പിത ജീവിതം ആരോഗ്യകരവും അഗാധവുമായ ഒരു ആദ്ധ്യാത്മീകതയുടെ ഉറവിടത്തിൽ നിന്ന് പരിപോഷിപ്പിക്കപ്പെടണം എന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞ വാക്കുകൾ, ഒരു നൂറ്റാണ്ടു മുമ്പ് തന്നെ തന്റെ ആത്മസമർപ്പണം വഴി അർത്ഥപൂർണ്ണമാക്കിയ വന്ദ്യ മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം നിർദ്ദേശിച്ചു; ബഥനി സന്യാസ ജീവിതശൈലിയുടെ ഉറവിടവും ആദർശപുരുഷനും സ്ഥാപകനും നസ്രത്തിലെ യേശുവാകുന്നു. യേശുവിനോടുള്ള സ്നേഹവും പുത്രനിർവിശേഷമായ ആശ്രയത്വവും പരിശ്രമശീലവും ലാളിത്യവും മിശിഹാനുകരണ സന്യാസിനികളുടെ ജീവിതശൈലിയാകണം. കന്യകാമഠങ്ങൾ സമുദായത്തിന്റെ, പ്രത്യേകിച്ച് മല

*(തുടർച്ച 2-ാം പേജിൽ)*

## ഉൾപേജുകളിൽ


| | |
|---|---|
| സുവിശേഷത്തിന്റെ പ്രചാരകൻ | 3 |
| സ്വയം വിശുദ്ധീകരണം മിഷൻ വഴിയിലൂടെ | 4 |
| മുഖമൊഴി, ധ്യാനചിന്ത | 5 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 6,7,12 |
| അനുഭവ സാക്ഷ്യം | 10, 11 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 12 |





പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ 2024 മാർച്ച് 14 ന് ധന്യൻ പദവിയിലേക്ക് ഉയർത്തി



# ധന്യൻ മാർ ഈവാനിയോസ്: അഷ്ടസൗഭാഗ്യങ്ങളാൽ ധന്യമായ ശിഷ്യത്വജീവിതം


**ഫാ. ഡോ. തോമസ് പ്രമോദ് പാലവിളയിൽ OIC**

*ജില്ലാ വികാരി, നെടുമങ്ങാട് വൈദീകജില്ല*

*തിരുവനന്തപുരം മേജർ അതിഭദ്രാസനം*


ക്രിസ്തുവചനങ്ങൾ പ്രകാശീകരണത്തിന് ഇടയാകുന്നുവെന്നാണ് സിറിയായിലെ വി. അപ്രേം വിവരിക്കുന്നത്: നിന്റെ പാഠങ്ങൾ ഞങ്ങളെ പ്രകാശിപ്പിച്ചാലും, സംസാരിക്കുന്നവന്റെ ശബ്ദവും കേൾക്കുന്നവന്റെ കാതും:കണ്ണിലെ കൃഷ്ണമണി പോലെ കാതുകൾ പ്രകാശിക്കപ്പെടട്ടെ; എന്തെന്നാൽ ശബ്ദം പ്രകാശ രശ്മികൾ തൂകുന്നു (സഭാമണ്ഡലം 37-ാം ഗീതം). ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവിതലാവണ്യമെന്നത്, ദൈവവചനത്തിന്റെ ഉപാസനയും പ്രയുക്തതയുമാണ്. പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നിങ്ങനെയുള്ള ആത്മീയ മുന്നേറ്റങ്ങൾക്ക് തിരുവചനത്തിന്റെ നിറച്ചാർത്താണ് ഈവാനിയൻ ദർശനം കല്പ്പിച്ചു നല്കിയത്. ഞാൻ ദൈവത്തിൽ നിന്നു വന്നു, ദൈവത്തിന്റെ വകയാകുന്നു, അവന് വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന അടിസ്ഥാന തത്വങ്ങളാൽ തന്റെ അസ്തിത്വത്തെ വന്ദ്യതാതൻ സാർത്ഥകമാക്കി. ദൈവമെന്ന പരമാന്ത്യ സത്യത്തിന്റെ വൈഭവം തിരിച്ചറിഞ്ഞ ആ ക്രിസ്തു ശിഷ്യൻ, തന്റെ പന്ഥാവിന് ഉപ്പും വെളിച്ചവും നല്കിയത് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിന്റെ ഉൾക്കാമ്പ് തന്നെയായിരുന്നു. അഷ്ടസൗഭാഗ്യങ്ങളുടെ വായനയും ആചാരവുമായിത്തീർന്ന ആ ശിഷ്യത്വജീവിതം, ക്രിസ്താനുകരണത്തെ ഇപ്രകാരം സംക്ഷേപിച്ചു: ദൈവത്താൽ വിളിക്കപ്പെട്ടവർ അവന്റെ ശബ്ദം കേൾക്കുന്നു. മിശിഹായ്ക്കു തന്നെത്തന്നെ വിധേയപ്പെടുത്തുന്നു; സ്വയത്തെയും ലോകത്തെയും പരിത്യജിച്ച് ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നു. ഗിരിപ്രഭാഷണം, ആ സന്ന്യാസാചാര്യന്റെ ഭക്തിവിഷയമായ അധ്യയനവും ബോധനപ്രക്രിയയുമായിരുന്നു. തല്ഫലമായി, ക്രിസ്തു ആ ജീവിതത്തിന്റെ ഓഹരി, പ്രതിഫലം, അവകാശം, ഭാഗ്യം, സന്തോഷം, പരമാനന്ദം എന്നിവയായി പരിണമിച്ചു.

*(തുടർച്ച 8-ാം പേജിൽ)*

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

ങ്കര സഭയുടെ ആദ്ധ്യാത്മീക വളർച്ചയ്ക്കും സമുദ്ധാരണത്തിനും അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസസേവനത്തിനും ആതുരശുശ്രൂഷയ്ക്കും സ്ത്രീജനങ്ങളെ ആത്മീയകാര്യങ്ങളിൽ ഉണർവ്വുള്ളവരാക്കുന്നതിനും തങ്ങളെത്തന്നെ പൂർണ്ണമായി പ്രതിഷ്ഠിച്ചിരിക്കുന്ന സ്ത്രീകൾ(സന്യാസിനികൾ) ക്കാണ് കൂടുതൽ സൗകര്യം. വന്ദ്യപിതാവിന്റെ ഈ ദർശനങ്ങൾ ശിരസ്സാ വഹിച്ചുകൊണ്ട് മുന്നേറുന്ന ബഥനി സന്യാസിനി സമൂഹം, ശതാബ്ദിയുടെ തിരുമുറ്റത്ത് പദമൂന്നി നിൽക്കുമ്പോൾ കഴിഞ്ഞ 10 പതിറ്റാണ്ടിലേറെയായി ഈ സമൂഹത്തിലൂടെ ചൊരിഞ്ഞ നന്മകൾ ദൈവസന്നിധിയിൽ സമർപ്പിച്ച് ആദരവോടെ ഓർക്കുകയും ബഥനിയെ ജീവിതം കൊണ്ട് ധന്യമാക്കിയ പൂർവ്വസൂരികളുടെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ സംഭാവന എന്ന് സ്വജീവിതത്തിലൂടെ അവർ കാണിച്ചു തന്നു. ദൈവപരിപാലനയിലുണ്ടായിരുന്ന അചഞ്ചലമായ ആശ്രയത്വം ആരംഭകാലങ്ങളിലുണ്ടായ പ്രതിസന്ധികളേയും പ്രതിബന്ധങ്ങളേയും അതിജീവിക്കാനുള്ള ഉൾക്കരുത്ത് പ്രദാനം ചെയ്തു. പിന്നിട്ട വഴികളേയും അതിന് നേതൃത്വം നൽകിയവരേയും നടന്നു കയറിയ പടവുകളേയും സ്വർഗ്ഗസ്ഥിതരായ സഹോദരങ്ങളേയും അഭ്യുദയകാംക്ഷികളേയും ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയാണ്.

മലങ്കര സഭയുടെ വളർച്ചയ്ക്കും ആദ്ധ്യാത്മീക നവോത്ഥാനത്തിനുമായി അക്ഷീണം പ്രവർത്തിക്കുകയും, കേരളത്തിലും ഇൻഡ്യയിലും വിദേശത്തും സുവിശേഷത്തിന്റെ സദ്വാർത്ത പ്രഘോഷിച്ചുകൊണ്ട് ഈ സന്യാസിനീ സമൂഹം സ്തുത്യർഹമായ ശുശ്രൂഷകൾ കാഴ്ചവയ്ക്കുന്നു. മലങ്കര സഭയുടെ ആദ്ധ്യാത്മീകത അതിന്റെ തനിമയിൽ നിലനിർത്തിക്കൊണ്ട് കത്തോലിക്കാ വിശ്വാസത്തിനും പാരമ്പര്യത്തിനും കൗദാശിക ജീവിതത്തിനും പ്രാധാന്യം നൽകി പരിപോഷിപ്പിക്കുന്നതിൽ ബഥനി ശ്രദ്ധാലുവാണ്. വിദ്യാഭ്യാസം, ആതുരസേവനം, സ്ത്രീജനോദ്ധാരണം, സഭൈക്യപ്രവർത്തനങ്ങൾ, വികലാംഗക്ഷേമപ്രവർത്തനങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, കുഷ്ഠരോഗ നിവാരണപ്രവർത്തനങ്ങൾ, ബാലമന്ദിരങ്ങൾ, സാമൂഹ്യ സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, ശിശുസംരക്ഷണ കേന്ദ്രങ്ങൾ, സ്വയംതൊഴിൽ പദ്ധതികൾ, തൊഴിൽ നിവാരണ തീവ്രയജ്ഞ പരിപാടികൾ തുടങ്ങി മനുഷ്യന്റെ സർവ്വതോന്മുഖമായ വളർച്ചയും ലക്ഷ്യമാക്കി അക്ഷീണം പ്രതിജ്ഞാബദ്ധരായി ബഥനിമക്കൾ ശുശ്രൂഷ നിർവഹിക്കുന്നു.

### ബഥനി സന്യാസിനീസമൂഹവും സുവിശേഷപ്രചരണവും

മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭ വേണ്ടവണ്ണം സുവിശേഷ പ്രചരണം നടത്തിയിരുന്നെങ്കിൽ ഭാരതത്തെ മുഴുവൻ യേശുവിനായി നേടാൻ സാധിക്കുമായിരുന്നു എന്ന് തിരിച്ചറിഞ്ഞ ഒരു സുവിശേഷപ്രചാരണകാംക്ഷിയായിരുന്നു ധന്യൻ മാർ ഈവാനിയോസ് പിതാവ്. ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പ് പകർന്നു കിട്ടിയ വിശ്വാസം തലമുറകൾക്കു കൈമാറി നൽകുന്നതിന് മലങ്കരസഭ കാട്ടിയ ആലസ്യം പി.റ്റി. ഗീവർഗീസച്ചനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. വിദേശത്തുനിന്നും പലരും വന്നു, ഭാരതത്തിൽ വിശ്വാസദീപം തെളിയിക്കാൻ. അവരുടെ ചോര നീരാക്കി അവർ ഇവിടെ സുവിശേഷം പ്രചരിപ്പിച്ചു. പക്ഷേ അതേറ്റുവാങ്ങിയ മാർതോമ്മാക്രിസ്ത്യാനികളാകട്ടെ ആ ദീപം കെടാതെ സൂക്ഷിക്കുന്നതിൽ മാത്രം ശ്രദ്ധിച്ചു, അതിന്റെ പ്രഭയാൽ ഭാരതത്തെ മുഴുവൻ പ്രഭാപൂരിതമാക്കുന്നതിന് കാര്യമായി ഒന്നും ചെയ്തില്ല. ഈ സത്യം കുത്തുന്ന ഒരു നോവായി പി.റ്റി, ഗീവർഗീസച്ചന്റെ ഹൃദയത്തിലുണ്ടായിരുന്നു. ഗൗരവമായ ഈ തെറ്റ് പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും എം.എ. അച്ചൻ നിരന്തരം ആരാഞ്ഞുകൊണ്ടിരുന്നു. ഹൃദയവേദനയോടെയുള്ള ആ അന്വേഷണമാണ് ബഥനി സന്യാസസമൂഹങ്ങളുടെ സ്ഥാപനത്തിലേക്കു നയിച്ചത്. സുവിശേഷപ്രചരണം പ്രഥമവും പ്രധാനവുമായ കർത്തവ്യമെന്നറിഞ്ഞ് ഇനിയെങ്കിലും ഉണർന്നു പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് സന്യാസസമൂഹങ്ങളുടെ സ്ഥാപനത്തിലൂടെ പിതാവ് ഭാരതസഭക്ക് നൽകിയത് (Sr. Rahmas SIC, Girideepam, 2005, 56-58). അന്നും ഇന്നും ഈ ദൗത്യം ബഥനി സന്യാസിനീസമൂഹം ഏറ്റെടുക്കുന്നു. അതേസമയം വിശുദ്ധജീവിതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെ സഭാസംരക്ഷണമോ സുവിശേഷപ്രചരണമോ സാധ്യമല്ല എന്ന ബോധ്യവും ബഥനി മനസിൽ സൂക്ഷിക്കുന്നു.

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സുവിശേഷചൈതന്യം പകർന്നുകൊണ്ട് തലമുറകളെ ക്രിസ്തുവിലേക്ക് ആനയിക്കുക എന്ന സുവിശേഷദൗത്യം ഹൃദയപൂർവ്വം ഏറ്റെടുത്ത് മുന്നേറുന്ന സമർപ്പിതർ യേശുവിന്റെ പകരക്കാരായി, മിശിഹാനുകരണ സമർപ്പിത സഹോദരിമാരായി ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷത്തിന്റെ പരിമളമായി നില കൊള്ളുന്നു. ഭാരതത്തിൽ മാത്രമല്ല, ലോകത്തിലുടലുടനീളം ബഥനി സന്യാസിനികൾ ഇന്ന് സുവിശേഷം പ്രഘോഷിക്കുന്നു, വിവിധ ശുശ്രൂഷാമേഖലകളിലൂടെ. സുവിശേഷം ആധുനിക മാധ്യമങ്ങൾ വഴി പ്രഘോഷിക്കപ്പെടുവാൻ എല്ലാ വിധത്തിലും യത്നിക്കണമെന്ന സഭയുടെ ആഹ്വാനം ഉൾക്കൊണ്ട്, ആ മേഖലയിൽ കൂടുതൽ ഉൾച്ചേരുവാനും കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയാനും സിസ്റ്റേഴ്സിന് സാധിക്കുന്നു. ആധുനിക മാധ്യമങ്ങളിലൂടെയും യേശുവിനെയും അവിടുത്തെ പ്രബോധനങ്ങളെയും ലോകത്തിന് പകർന്നു നൽകുന്നതിൽ ബഥനി സന്യാസിനികൾ ബന്ധശ്രദ്ധരാണ്. പ്രഭാഷണങ്ങളും, സംഗീതം, നൃത്തം മുതലായ വിവിധ കലാരൂപങ്ങളും ഒക്കെ ഇതിനായി ക്രിയാത്മകമായി അവർ പ്രയോജനപ്പെടുത്തുന്നു.

### സുവിശേഷപ്രചരണമാതൃക

ജീവിതമാതൃകയിലൂടെയും, ശുശ്രൂഷാവേദികളിലൂടെയും മാധ്യമങ്ങളിലൂടെയും അല്ലാതെ നേരിട്ടുള്ള സുവിശേഷപ്രചരണത്തിനും ബഥനി സന്യാസിനികൾ പ്രാധാന്യം നൽകുന്നു. യേശുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവരുടെ പക്കൽ പോയി യേശുവിനെക്കുറിച്ച് പറയുകയും അനേകരെ വിശ്വാസത്തിലേക്ക് നയിക്കുകയും ചെയ്യുന്ന പ്രേഷിതപ്രവർത്തനങ്ങൾ ഇന്നും ബഥനി പിന്തുടരുന്നു. കേരളത്തിലും, ഭാരതത്തിലും, പ്രത്യേകിച്ച് ഉത്തരഭാരതത്തിലും, എത്യോപ്യ പോലുള്ള രാജ്യങ്ങളിലും ഈ രീതിയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് ബഥനി സന്യാസിനികൾക്കു സാധിക്കുന്നു. ഒരു പ്രദേശത്ത് സിസ്റ്റേഴ്സ് പോയി അവിടെയുള്ള ജനത്തെ ഒരുമിച്ചു ചേർത്ത് ഒരു ക്രൈസ്തവകൂട്ടായ്മയും തുടർന്ന് ദൈവാലയങ്ങളുമായി സ്ഥാപിതമായ ഇടവകളായി ഇന്നു വളർന്ന സ്ഥലങ്ങളുണ്ട്. പാറശ്ശാല, മുക്കമ്പാല, അമ്പിലികോണം, നടുവിൽ, കാമഗിരി, കള്ളിച്ചാൽ, മുതലായ സ്ഥലങ്ങൾ ചില ഉദാഹരണങ്ങളാണ്. ഇന്നവിടൊക്കെ ദൈവാലയവും അതിനോട് ചേർന്ന വിശ്വാസിസമൂഹങ്ങളുമുണ്ട്. കേരളത്തിനു പുറത്ത്, കോയമ്പത്തൂർ, റേപ്പള്ളി, ബാംഗ്ലൂർ, ആന്ധ്ര, തലുങ്കാന, ആസാം, ത്രിപുര, ഒറീസ, പഞ്ചാബ് മുതലായ സ്ഥലങ്ങളിലും, ഭാരതത്തിനു പുറത്ത് എത്യോപ്യയിലും ഒക്കെ ഇതേ രീതിയിലുള്ള സുവിശേഷപ്രചരണം നടന്നു വരുന്നു. ജീവനുതന്നെ ഭീഷണി

(തുടർച്ച 3-ാം പേജിൽ)

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്
**ചീഫ് എഡിറ്റർ**
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC
**മാനേജിംഗ് എഡിറ്റർ**
റവ. ഡോ. സി. മേരി പ്രസാദ് DM
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്


## മലങ്കര കത്തോലിക്കാ സുവിശേഷ സംഘം

### 2024 മെയ് - സെപ്റ്റംബർ മാസങ്ങളിലെ പ്രോഗ്രമുകൾ

| | | |
|---|---|---|
| **മെയ്** | | |
| 4-5 | : | തിരുവല്ലാ വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, തിരുവല്ലാ |
| 7 | : | ല്ക്സിയോ ദിവീനാ - വൈദിക ഓൺഗോയിങ് ഫോർമേഷൻ |
| 8 | : | ഓൺഗോയിങ് ഫോർമേഷൻ - സഭാതലം 8-ാം ബാച്ച്, കാതോലിക്കേറ്റ് |
| 11-12 | : | മാവേലിക്കര, കറ്റാനം, വൈദികജില്ല സുവിശേഷസംഘ പരിശീലനം - 1, കറ്റാനം, |
| 18-19 | : | ബോംബേ-പൂനാ വൈദികജില്ല സുവിശേഷസംഘ കൈവയ്പ്പു, കട്ഖി, സാക്കിനാക്കാ |
| 2223 | : | റാന്നി-വെണ്ണിക്കുളം സുവിശേഷസംഘ പരിശീലനം-7, വെണ്ണിക്കുളം |
| 25-26 | : | കളിയിക്കാവിള വൈദികജില്ല സുവിശേഷസംഘ പരിശീലനം-1, മരിയാഗിരി |
| 29-30 | : | കൊട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, കിടക്കേതെരുവ് |
| **ജൂൺ** | | |
| 1-2 | : | ദക്ഷിണ കന്നഡ റീജൻ സുവിശേഷസംഘ പരിശീലനം-3, നൂജിബാൽത്തല |
| 8-9 | : | പത്തനംതിട്ട ഭദ്രാസന സുവിശേഷസംഘ 4-ാം ബാച്ച് പരിശീലനം-1 |
| 15-16 | : | അടൂർ, വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, അടൂർ |
| 17 | : | കൊല്ലങ്കോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, ചൂഴാൽ |
| 22-23 | : | മാവേലിക്കര, ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, ചെങ്ങന്നൂർ |
| 29-30 | : | പിറവം വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, ഓണക്കുർ |
| **ജൂലൈ** | | |
| 6-7 | : | നെടുമങ്ങാട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-3, നെടുമങ്ങാട് |
| 14-15 | : | ധന്യൻ മാർ ഈവാനിയോസ് 71-ാം ഓർമ്മയാചരണം, പട്ടം |
| 20-21 | : | പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, പാറശാല |
| 27-28 | : | ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, മുപ്പിനി |
| **ആഗസ്റ്റ്** | | |
| 3-4 | : | തിരുവല്ലാ വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, തിരുവല്ലാ |
| 10-11 | : | മാവേലിക്കര, കറ്റാനം, വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, കറ്റാനം, |
| | | അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-8, അഞ്ചൽ |
| 17-18 | : | കൊട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, കിടക്കേതെരുവ് |
| 22-23 | : | റാന്നി-വെണ്ണിക്കുളം വൈദികജില്ല സുവിശേഷസംഘ പരിശീലനം-8 |
| 24-25 | : | കളിയിക്കാവിള വൈദികജില്ല സുവിശേഷസംഘ പരിശീലനം-2, മരിയാഗിരി |
| | | കൊല്ലങ്കോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, മരിയാഗിരി |
| 26-27 | : | പത്തനംതിട്ട ഭദ്രാസന സുവിശേഷസംഘ പരിശീലനം-2 |
| **സെപ്റ്റംബർ** | | |
| 31-1 | : | ദക്ഷിണ കന്നഡ റീജൻ സുവിശേഷസംഘ പരിശീലനം-3, നൂജിബാൽത്തല |
| 20-22 | : | ശനി, ഞായർ - സുവിശേഷസന്ധ്യാ, പുനരൈക്യം വാർഷികാഘോഷം, പാറശാല |
| 28-29 | : | മാവേലിക്കര, ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, ചെങ്ങന്നൂർ |

www.malankaralibrary.com





# സുവിശേഷത്തിന്റെ പ്രചാരകൻ ധന്യൻ മാർ ഈവാനിയോസ് പിതാവ്

**സണ്ണി വി.എം.**

*മൂവാറ്റുപുഴ ഭദ്രാസനം 3-ാം ബാച്ച്*

സീനായ് മലയിൽ മുൾപടർപ്പിൽ നിന്നും ലഭിച്ച ദൈവദർശനത്തിന്റെ ശക്തിയിൽ ഇസ്രായേലിനെ ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മോശയെപ്പോലെ, ലോകം മുഴുവൻപോയി സുവിശേഷം പ്രസംഗിക്കാൻ നിയോഗിതയായ സഭ അതിൽ വിമുഖത കാട്ടി ഭൗതിക സ്വത്തിനുവേണ്ടി കലഹിച്ച് ദൈവചൈതന്യത്തിൽ നിന്നകലുന്നതിൽ മനം നൊന്ത്, മുണ്ടൻ മലയിലെ തീഷ്ണമായ സഹനത്തിന്റെയും, പരിത്യാഗത്തിന്റെയും, കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയുടേയും ശക്തിയിൽ മലങ്കര സഭയെ പുനരൈക്യത്തിലൂടെ ദൈവിക പ്രകാശത്തിലേക്ക് നയിച്ച പുണ്യതാതൻ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലെ ഓരോ വാക്കും പ്രവർത്തിയും നമ്മുടെ ജീവിതയാത്രയിൽ മാർഗദർശനങ്ങളാണ്.

നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നേതാക്കന്മാരെ ഓർക്കുവിൻ, അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ എന്ന ദൈവവചനം അനുസരിച്ച് നമുക്ക് പിതാവിന്റെ വിശ്വാസത്തിലൂന്നി മുന്നേറാം.

സുകൃതം കൊണ്ട് നിന്റെ ജീവിതത്തെ നിറയ്ക്കുന്നതിനും ആത്മാവിനെ പ്രശോഭിപ്പിക്കുന്നതിനും കർത്താവിനെ മഹത്വപ്പെടുത്തുന്നതിനുമായി സർവ്വ ശക്തിയുമെടുത്ത് ഉത്സാഹിക്കുവിൻ എന്ന് നമ്മോടാഹ്വാനം ചെയ്ത പിതാവിന്റെ പാത പിന്തുടർന്ന് നാം പ്രാർത്ഥനയിൽ വളരേണ്ടിയിരിക്കുന്നു.

രണ്ടുതരം മനുഷ്യരുണ്ട്. ജീവിച്ച് മരിക്കുന്നവർ, മരണാനന്തരം ജീവിക്കുന്നവർ. യേശുക്രിസ്തുവിൽ ശാശ്വതവും മഹത്വപൂർണ്ണവുമായ തന്റെ ജനത്തിന് സാധ്യമാകാൻ ക്രിസ്തുവിനോടുചേർന്ന് ദൈവരാജ്യം ലക്ഷ്യമാക്കി നീങ്ങുമ്പോൾ താനായിരിക്കുന്ന സമൂഹത്തോട് ചേർന്ന് നിന്ന്, അതിന്റെ സാംസ്കാരിക പൈതൃകത്തെ മാനിച്ച് തനിക്കുചുറ്റുമുള്ളവരെ ചേർത്തുപിടിച്ച് വേദനിക്കുന്നവരുടെ കണ്ണീരിനൊപ്പം നിന്ന് ആശ്വാസമായി ചേർത്തുപിടിച്ച് പ്രാർത്ഥനയിൽ നട്ടുവളർത്തിയ മലങ്കര കത്തോലിക്കാസഭ വളർന്നു ലോകമാകെ സുവിശേഷ പ്രഭ ചൊരിഞ്ഞ് സുവിശേഷകയായ സഭ എന്ന പിതാവിന്റെ ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ നമുക്ക് അഭിമാനത്തോടൊപ്പം ഉത്തരവാദിത്വബോധവും കൂടേണ്ടതുണ്ട്.

ദൈവസമ്പാദനമാണ് ദൈവസേവനത്തേക്കാൾ വലുത് എന്ന് പറഞ്ഞ പിതാവിന്റെ വിശ്വാസം പിൻതുടർന്ന് ഏറെ ജാഗ്രത നാം പുലർത്തേണ്ടിയിരിക്കുന്നു.

അനുദിനം പുരോഗമിക്കുന്ന ലോകത്ത് പരിശുദ്ധാത്മാവിനെതിരായ പാപങ്ങളും ഏറിവരുന്നു. നന്മ തിന്മകളെക്കുറിച്ചുള്ള സൂഷ്മവിചാരങ്ങൾ ഒന്നും ഇല്ലാതെ ഭൗതിക സുഖഭോഗങ്ങളിൽ അഭിരമിച്ച് വിനാശത്തിലേക്ക് നടന്നടുക്കുന്ന തലമുറ. ലോകനന്മയ്ക്കുപകരിക്കേണ്ട സങ്കേതിക പുരോഗതിയെ ദുരുപയോഗം ചെയ്ത് സ്വയം എറിഞ്ഞുടയ്ക്കുന്നവർ, വെറുപ്പിന്റെ വിഭാഗതയുടെ കൊയ്ത്തുൽസവങ്ങൾ, നടുക്കുന്ന നവ മാധ്യമങ്ങൾ, തകരുന്ന കുടുംബബന്ധങ്ങൾ, വൃദ്ധസദനങ്ങളുടെ ഇടനാഴികളിൽ നെടുവീർപ്പുകയിൽ ഉരുകിതീരുന്ന വാർദ്ധക്യം. അമ്മത്തൊട്ടിലുകളിലേക്ക് എറിയപ്പെടുന്ന ശിശുക്കൾ, അധികാരത്തിനായ് മതചിഹ്നങ്ങളെപ്പോലും ദുരുപയോഗം ചെയ്യുന്ന രാഷ്ട്രീയ നേതൃത്വം ഉദരംമറികൾ.

ആത്മാവിലുള്ള രക്ഷയുടെ വിശ്വാസത്തിന്റെ പേരിൽ തെരുവിൽ നഗ്നയാക്കപ്പെടുന്ന സഹോദരിമാർ, തകർക്കപ്പെടുന്ന ദേവാലയങ്ങൾ.

നിനക്ക് നിന്റെ സഹോദരനോട് ഇടർച്ചയുണ്ടെങ്കിൽ ബലിവസ്തു താഴെവച്ച് രമ്യപ്പെട്ടതിനുശേഷം ബലിയർപ്പിക്കാൻ പഠിപ്പിച്ചിടത്ത് ബലി തന്നെ തർക്കവസ്തു ആകുന്ന ഈ ഇരുളിന്റെ കാലത്ത് മലങ്കര സൂര്യന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്ന നിലാവായി നാം ഓരോരുത്തരും മാറണം.

തനിക്കുചുറ്റുമുള്ള മനുഷ്യരുടെ ജീവിതത്തെക്കുറിച്ച് സർവ്വസ്പർശിയായ ഒരു മനോഭാവം പിതാവ് പുലർത്തിയിരുന്നു. ദൈവരാജ്യ മനോഭാവത്തിലേക്ക് വളരാൻ അനുകൂലമായ ഭൗതികസാഹചര്യങ്ങൾ ആവശ്യമാണെന്ന ബോധ്യത്തിൽ നിന്നാണ് എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ സ്കൂളുകളും കോളേജുകളും സ്ഥാപിച്ചതും അനാഥരായവർക്കാശ്രയമാകാൻ നടപടി എടുത്തതും.

പുനരൈക്യത്തിനൊപ്പം സുവിശേഷ പ്രഘോഷണത്തിന് ഏറെ പ്രാധാന്യം പിതാവ് കല്പിച്ചിരുന്നു. അല്മായരേയും സുവിശേഷ പ്രഘോഷണത്തിന് സജീവമാക്കാൻ തൃതീയാശ്രമം എന്നരീതി നടപ്പാക്കിയിരുന്നു. സന്യസ്തരെപ്പോലെ തന്നെ അത്മായരും സുവിശേഷരംഗത്ത് സജീവമാകണം എന്ന പിതാവിന്റെ സ്വപ്നം പൂർത്തീകരിക്കുന്നതിന് നാം ഓരോരുത്തരും സ്വയം വിശുദ്ധീകരണം നടത്തി സുവിശേഷത്തിന്റെ സാക്ഷിയാകണം.

പരിശുദ്ധ അമ്മ ഏലിശാ പുണ്യവതിയെ സന്ദർശിച്ചപ്പോൾ ഉണ്ടായ പരിശുദ്ധാത്മ നിറവ് നമ്മൾ ഒത്തുചേരുന്ന ഇടങ്ങളിലുണ്ടാകണം. അതിന് ലോക്തിന്റെ അത്യാവശ്യ സഹനങ്ങൾ എന്തുവന്നാലും എന്റെ കർത്താവിൽ ഞാൻ സന്തോഷിക്കും. എന്റെ കർത്താവാണ് എന്റെ ബലം എന്ന് പറഞ്ഞ ഹബകുക്കിനേപ്പോലെ പറയാൻ നമുക്ക് കഴിയണം.

ദൈവരാജ്യമനോഭാവത്തിലേക്ക് ഉയർന്ന് സുവിശേഷത്തിന്റെ പ്രചാരകരാകാൻ പിതാവിലേക്ക് നോക്കി നമുക്ക് നവീകരിക്കപ്പെടാം. പ്രാർത്ഥനയിലൂടെ, നോമ്പ്, ഉപവാസങ്ങളിലൂടെയും ചുറ്റുമുള്ളവരെ ചേർത്ത് പിടിച്ച് ദൈവസ്നേഹത്തിൽ നിന്നും നമ്മെ അകറ്റുന്ന ഭിന്നിപ്പിന്റെ ആത്മാവിനെ, ലഹരിപദാർത്ഥങ്ങളെ, അധികാര ഭ്രമത്തെ അകറ്റിനിർത്തി ഈശോ നാഥനായ, കൃപനിറയുന്ന കുടുംബങ്ങളായി വിശ്വാസത്തിൽ ദൃഢപ്പെട്ട് അപ്പസ്തോലിക അധികാരത്തിന് കീഴ്പ്പെട്ട് പിതാവിന്റെ സ്വപ്നം ലോകം മുഴുവൻ സാധ്യമാകാനും നമുക്ക് പ്രവർത്തിക്കാം. ലോകം വണങ്ങുന്ന വിശുദ്ധനായി ദൈവം നമ്മുടെ താതനെ ഉയർത്തട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

---

*( ...... 2-ാം പേജിൽ നിന്നും തുടർച്ച)*

നേരിടുന്ന സാഹചര്യങ്ങളിലും സന്യാസിനികൾ യേശുവിനെ അറിയാത്തവരെ യേശുവിലേക്കായനയിക്കാൻ അക്ഷീണം പ്രയത്നിക്കുന്നു.

**ബഥനി സന്യാസിനീ സമൂഹം സുവിശേഷസംഘ ശുശ്രൂഷയിൽ**

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരമാണ് സുവിശേഷസംഘം എന്നു പറയാം. കാലത്തികവിൽ യാഥാർഥ്യമായ ഒരു സ്വപ്നം. സ്വയം വിശുദ്ധീകരണം സുവിശേഷ പ്രചരണത്തിന് അത്യാവശ്യമാണ് എന്ന ബോധ്യത്തോടെയായിരുന്നു മാർ ഈവാനിയോസ് പിതാവ് സന്യാസസമൂഹങ്ങൾ സ്ഥാപിച്ചത്. സുവിശേഷസംഘത്തിന്റെയും ലക്ഷ്യം അതുതന്നെയാണല്ലോ. സുവിശേഷസംഘത്തിന്റെ ആരംഭം മുതൽ പലതരത്തിൽ അതിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ ബഥനി സന്യാസിനികൾക്കു സാധിച്ചു. സുവിശേഷസംഘം രൂപീകരിക്കുന്നതിനുള്ള ചിന്ത രൂപപ്പെടുത്തുന്ന പ്രക്രിയയിൽ തന്നെ സി. ഡോ. നമിത അതിന്റെ കമ്മിറ്റിയിൽ അംഗമായിരുന്നു. ആദ്യത്തെ ബാച്ചിൽ പരിശീലനം നേടി കൈവയ്പു കിട്ടിയവരിൽ ബഥനി സമൂഹാംഗമായിരിക്കുന്ന സി. നമിതയും സി. രമ്യയും ഉണ്ടായിരുന്നു. സുവിശേഷസംഘത്തിന്റെ ആരംഭകാലത്ത് സി. നമിത വി. ഗ്രന്ഥവുമായി ബന്ധപ്പെട്ട് തന്റെ ഉൾക്കാഴ്ചകൾ സുവിശേഷസംഘത്തിന്റെ വളർച്ചക്കായി നൽകിയിട്ടുണ്ട്. സി. നമിത തുടർന്നുള്ള ബാച്ചുകളിൽ വി. ലിഖിതവുമായി ബന്ധപ്പെട്ടുള്ള ക്ലാസുകൾ എടുക്കുകയും മുൻനിരയിൽ നിന്ന് പ്രവർത്തിക്കുകയും ചെയ്തു. കൂടാതെ സുവിശേഷസംഗത്തിന്റെ സെക്രട്ടറിമാരിലൊരാളായും സി. നമിത ദീർഘകാലം പ്രവർത്തിച്ചിരുന്നു. സി. ഡോ. ഹൃദ്യ എസ്. ഐ.സി വി. ലിഖിതവുമായി ബന്ധപ്പെട്ട ക്ലാസുകളെടുക്കുന്നതിന് സഹായിച്ചുകൊണ്ടിരിക്കുന്നു.



സഭാതലത്തിലും രൂപതാതലത്തിലുമുള്ള എല്ലാ ബാച്ചുകളിലും ബഥനി സന്യാസിനീ സമൂഹത്തിൽ നിന്നും സന്യാസിനികൾ അംഗമാകുകയും പരിശീലനം നേടി കൈവയ്പ് സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജനറലേറ്റിൽ വച്ച് ബഥനി സിസ്റ്റേഴ്സിന് മാത്രമായി സുവിശേഷസംഘ പരിശീലനം നൽകിയിരുന്നു. 28 സിസ്റ്റേഴ്സ് പരിശീലനം നേടി കൈവയ്പ് സ്വീകരിച്ചു.

ഭവന സന്ദർശന ശുശ്രൂഷയിൽ എഴുപതിനായിരം ഭവനങ്ങൾ സന്ദർശിച്ചപ്പോൾ ബഥനി സിസ്റ്റേഴ്സ് ആ ശുശ്രൂഷയിൽ പങ്കുചേരുകയും നേതൃത്വം നൽകുകയും ചെയ്തു. ഇടവകകളിലെ ധ്യാനശുശ്രൂഷക്കും ബഥനി സിസ്റ്റേഴ്സ് നേതൃത്വം നൽകിയിരുന്നു.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിലെ ശുശ്രൂഷയിൽ ബഥനി സന്യാസിനികൾക്ക് സഹായിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നു. പുഷ്പഗിരി ആശുപത്രിയിലെ ഹോസ്പിറ്റൽ മിനിസ്ട്രിയ്ക്ക് സി. സെറീന നേതൃത്വം നൽകുന്നു. സുവിശേഷസംഘാംഗങ്ങൾക്കു മുന്നിൽ നിന്ന് നേതൃത്വവും പ്രചോദനവും നൽകുന്ന നിരവധി സന്യാസിനികൾ ബഥനിയിലുണ്ട്. സുവിശേഷസംഘത്തിന്റെ ശുശ്രൂഷകൾ സജീവമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് കൂടുതൽ ഉണർവോടെ പ്രവർത്തിക്കാൻ ബഥനി സന്യാസിനികൾക്കു സാധിക്കും, വ്യക്തിപരമായും സമൂഹമായും സുവിശേഷസംഘത്തോട് ചേർന്നു നിന്നുകൊണ്ട് ഭാരതത്തെയെന്നല്ല ലോകത്തെ മുഴുവൻ യേശുവിനായി നേടാനുള്ള പരിശ്രമങ്ങൾ തുടരാം. ബഥനി ഇന്ന്, തിരുവനന്തപുരം, തിരുവല്ല, ബത്തേരി, പത്തനംതിട്ട, മൂവാറ്റുപുഴ എന്നീ 5 പ്രോവിൻസുകളിലായി 993 സിസ്റ്റേഴ്സ്, 169 മഠങ്ങൾ, 88 സ്ക്കൂളുകൾ, 23 ബോർഡിംഗുകൾ, 23 ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ, 2 കൗൺസലിങ് സെന്റേഴ്സ്, 3 മുദ്രണാലയങ്ങൾ മുതലായ കേന്ദ്രങ്ങളിൽ സിസ്റ്റേഴ്സ് പ്രവർത്തനനിരതരായിരിക്കുന്നു. ഭാരതത്തിന് അകത്തും പുറത്തുമായി 15 അതിരൂപത-രൂപതകളിലായി 514 ഇടവകകളിൽ സിസ്റ്റേഴ്സ് മിഷൻ ശുശ്രൂഷ നിർവഹിക്കുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവ് ദൈവപിതാവിന്റെ കരുണയുടെ മുഖം ലോകത്തിന് കാട്ടിക്കൊടുത്തതുപോലെ ബഥനി സന്യാസിനികളും അവരുടെ പ്രവർത്തനമേഖലകളിലൂടെ ദൈവകരുണയുടെ നീർച്ചാലുകളായി വർത്തിക്കുന്നു. കരുണ എന്നാൽ മാർ ഈവാനിയോസ് പിതാവിന് മറ്റുള്ളവരോടുള്ള കേവലം സഹതാപമായിരുന്നില്ല, മറിച്ച് സഭയുടെയും സമൂഹത്തിന്റെയും സംരക്ഷണം ഏറ്റെടുക്കാനുള്ള സന്നദ്ധതയായിരുന്നു. ബഥനി സന്യാസിനീ സമൂഹത്തിലൂടെ ഇന്നും ഈ മുഖം ലോകം കാണുന്നു.

കഴിഞ്ഞ 100 വർഷക്കാലം ഈ സമൂഹത്തിന്റെ മേൽ ചൊരിയപ്പെട്ട അനന്തമായ കൃപകൾക്ക് നന്ദി അർപ്പിച്ചുകൊണ്ടും പരിശുദ്ധ പിതാവിന്റെ ശ്ലൈഹീകാശീർവാദവും അനുഗ്രഹവും സ്വീകരിച്ചുകൊണ്ടും ബഥനി ശതാബ്ദി ആഘോഷങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മുഖ്യ കാർമ്മീകത്വത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയോടെയും പൊതു സമ്മേളനത്തോടെയും ശതാബ്ദി സ്മാരക മന്ദിരത്തിന്റെ കൂദാശയോടെയും ശതാബ്ദി ആഘോഷങ്ങൾക്ക് നാന്ദി കുറിച്ചു.

നാളിതു വരെ ബഥനിയെ കാത്ത് പരിപാലിച്ച് വഴി നടത്തിയ ദൈവം വരും കാലങ്ങളിലും അനുഗ്രഹസമൃദ്ധങ്ങളാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാം ദൈവത്തെ ആശ്രയിച്ചിരുന്നാലെന്നപോലെ ആശ്രയിക്കുകയും എല്ലാം നമ്മെ ആശ്രയിച്ചിരുന്നാലെന്നപോലെ അധ്വാനിക്കുകയും ചെയ്യുക എന്ന് പഠിപ്പിച്ച ദാർശനികനും കർമ്മയോഗിയുമായിരുന്ന പിതാവ് നൽകിയ സമഗ്രമായ ദർശനങ്ങളും ധീരമായ നേതൃത്വവും അദ്ദേഹത്തിന്റെ ശുശ്രൂഷകളുടെ സൽഫലങ്ങളും നമ്മെ ഇനിയും കർമ്മധീരരായി, ശുശ്രൂഷാ സന്നദ്ധരായി, ആത്മാക്കളുടെ രക്ഷ ലക്ഷ്യമാക്കി മുന്നോട്ടു നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com





# സ്വയം വിശുദ്ധീകരണം മിഷൻ വഴിയിലൂടെ

**മോളി മാത്യു**

*സഭാതല സുവിശേഷസംഘാംഗം, 5-ാം ബാച്ച്*

മലങ്കര കത്തോലിക്കാസഭാ സുവിശേഷസംഘത്തിലെ അത്മായരുടെ മിഷൻയാത്ര 2024 ഏപ്രിൽ 2-ന് എറണാകുളത്തുനിന്ന് ആരംഭിച്ചു. പരസ്പരം മുൻപരിചയമില്ലാത്ത 6 പേർ കേരളത്തിൽ നിന്നും, ഒരാൾ ബാംഗ്ലൂരിൽ നിന്നും. പാറശ്ശാല, പത്തനംതിട്ട, തിരുവനന്തപുരം, തിരുവല്ല, മാവേലിക്കര ഭദ്രാസനങ്ങളിൽ നിന്നും കൈവയ്പ്പ് സഭാതലത്തിലും രൂപതാതലത്തിലും ലഭിച്ചവർ. 2 പുരുഷന്മാരും 4 സ്ത്രീകളും. ഇതിൽ ഒരാൾ മാത്രം നേരത്തെ മണിപ്പൂർ കലാപത്തിനിടെ മണിപ്പൂരിൽ മിഷൻ നടത്തിയിട്ടുണ്ട്. ടീം കോർഡിനേറ്റർ ജോൺ സാർ.

ഒന്നാം ക്ലാസിൽ പഠിക്കുവാൻ ഒരു കുഞ്ഞിനെ എങ്ങനെ മാതാപിതാക്കൾ ഒരുക്കുന്നുവോ അതുപോലെ ആത്മീയ ചിന്തകളും മാനുഷിക ചിന്തകളും നൽകി സിൽവാനോസ് പിതാവും മേരി പ്രസാദ് സിസ്റ്ററും ഞങ്ങളെ ഒരുക്കി. തമിഴ്നാട്, കർണ്ണാടക ബോർഡർ. ഇലക്ഷൻ സമയം. എല്ലാവരുടെയും ഉള്ളിലും ചെറിയ ഭീതി, ശങ്ക ഉണ്ടായിരുന്നെങ്കിലും ഗൂഗിൾ മീറ്റിലൂടെ ഇവയെല്ലാം സിസ്റ്റർ മാറ്റി തന്ന് ആത്മീയ വിശുദ്ധി ഞങ്ങളിൽ നിറച്ചു. വ്യക്തിഗത പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും നടത്തി മിഷൻ യാത്രയ്ക്കായി ഞങ്ങൾ ഒരുങ്ങി. ടീം കോർഡിനേറ്റർ പാറശ്ശാലയിൽ നിന്നുള്ള അരുൺ ദാസ് അച്ചന്റെ പിതാവ് രണ്ട് തലമുറകൾക്ക് മുൻപ് മാത്രം ഈശോയെ അറിഞ്ഞ് ക്രിസ്ത്യനിയായ ജോൺ സാർ. കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്നും പെൻഷനായ വ്യക്തി. തിരുവനന്തപുരം രൂപതയിൽ നിന്നും സുജ സാജൻ-റിട്ട. പി.എസ്.സി. അണ്ടർ സെക്രട്ടറി, ജെസിന്താൾ ഡി.-റിട്ട. ഹയർ സെക്കണ്ടറി പ്രിൻസിപൽ, മാവേലിക്കര രൂപതയിലെ കറ്റാനത്തുനിന്നും എക്സ്-ആർമി ജോസഫ് സാർ, ഹൈന്ദവ വിശ്വാസത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചിട്ട് വർഷങ്ങൾ മാത്രം. സാറിന്റെ തീക്ഷ്ണത ഗ്രൂപ്പിന് വലിയ കരുത്തും കൈത്താങ്ങുമായിരുന്നു. തിരുവല്ല രൂപതയിൽ നിന്നും എക്സ്-കുവൈറ്റ് നഴ്സ് വൽസമ്മ ജോൺ, പത്തനംതിട്ട തോന്ന്യാമലയിൽ നിന്നും എയ്ഡഡ് സ്കൂൾ അധ്യാപിക മോളി മാത്യു.

ഏപ്രിൽ 2 ചൊവ്വാഴ്ച രാവിലെ 8.45-ന് ഞങ്ങൾ എറണാകുളം മെയിൻ റെയിൽവേ സ്റ്റേഷനിൽ കണ്ടുമുട്ടുന്നു. 9.15ന് ഹോസൂറിനുള്ള ട്രെയിൻ യാത്ര ആരംഭിച്ചു. 7 മണിക്ക് ഹോസൂർ സ്റ്റേഷനിലെത്തി. തേൻകനി കോട്ടയിലെ ജോസ് ബെനറ്റ് അച്ചൻ അയച്ച വാഹനത്തിൽ ഞങ്ങൾ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര തിരിച്ചു. തേൻകനി കോട്ടൈ ജംഗ്ഷനിൽ നിന്നും മിഠായിയും ഫ്രൂട്സും വാങ്ങി ഞങ്ങൾ യാത്ര തുടർന്നു. 8.35-ന് ഞങ്ങൾ ലക്ഷ്യം കണ്ടു. 2 സ്ത്രീകളും കുട്ടികളും അടങ്ങിയ ടീം റോസാപുഷ്പങ്ങൾ തന്നും നെറ്റിയിൽ കളഭം ചാർത്തിയും welcome എന്നു പറഞ്ഞു. കൽക്കണ്ടം തന്നും ഞങ്ങളെ സ്വീകരിച്ചു. ഞങ്ങളും കുട്ടികളെ കെട്ടിപ്പിടിച്ച് ഉമ്മ നൽകി അവരുടെ ആദരം സ്വീകരിച്ചു. 3 സെന്റിൽ ഒരു സാധാരണഭവനം. ഹാളും അടുക്കളയും ഒരു മുറിയും. അച്ചനും ഒരു മുറി. ചാപ്പലും upstair- ൽ ഒരു മുറി. ചാപ്പലിൽ പ്രാർത്ഥനയ്ക്കുശേഷം സ്ത്രീകൾ upstair-ലെ റൂമിലും പുരുഷന്മാർ വിൻസെഷ്യൻ കോൺഗ്രിഗേഷനിലും താമസം ക്രമീകരിച്ചു. നിത്യേന രാവിലെ 7 മണിക്ക് വിശുദ്ധ കുർബാന, ആരാധന, പോകുന്ന വില്ലേജിനെക്കുറിച്ച് ധാരണ നൽകൽ എന്നിവ നടന്നു. ബഥനി സിസ്റ്റേഴ്സ് ആയ ബഹു. മദർ ശോഭയും സിസ്റ്റർ പ്രഭ, ജോസ് ബെനറ്റ് അച്ചൻ ബ്രദർ രതീഷ് എന്നിവരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. രണ്ട് വാഹനങ്ങളിലായിട്ടായിരുന്നു യാത്ര. അച്ചൻ വാടകയ്ക്ക് എടുത്ത മണിയുടെ വാഹനവും ബാംഗ്ലൂരിൽ നിന്നും സുവിശേഷസംഘാംഗമായ ജെയിംസ് അങ്കിളിന്റെ വാഹനത്തിൽ പെട്രോൾ അടിച്ചുകൊടുത്തു.



ഞങ്ങൾ ആദ്യം സന്ദർശിച്ച സ്ഥലം നെർലെറ്റി ആയിരുന്നു. വളരെ ദയനീയമായിരുന്നു അവിടുത്തെ അവസ്ഥ. കുട്ടികൾ നാലാം ക്ലാസ് വിദ്യാഭ്യാസം മാത്രം. വിദ്യാഭ്യാസം ഇല്ലാത്തവരും ഒട്ടനവധി. വെള്ളം കിട്ടിയിട്ട് ഒരാഴ്ച കഴിഞ്ഞിരുന്നു ഞങ്ങൾ ചെന്നപ്പോൾ. ഞങ്ങളും അച്ചനും സിസ്റ്റേഴ്സും ചേർന്നുള്ള പ്രാർത്ഥനയ്ക്കുശേഷം മെന്റൽ പ്രോബ്ലം ഉള്ള മഞ്ജുള ചിരിക്കാനും സംസാരിക്കാനും തുടങ്ങി. കേവലം 28 വയസ്സുള്ള മഞ്ജുളയ്ക്ക് 14 വയസ്സുകാരനായ മകൻ. മകന്റെ പ്രസവത്തോടെ 15 വയസ്സു മുതൽ അസുഖമായിട്ട്. വീടിന് വെളിയിൽ ഇറങ്ങാൻ പേടിയുള്ള മഞ്ജുള ഞങ്ങളോടൊപ്പം വീടിന് പുറത്തിറങ്ങി. ഞങ്ങളോടും കുട്ടികളോടും സംസാരിച്ചു. വൽസമ്മാമ്മ കെട്ടിപ്പിടിച്ചപ്പോൾ വൽസമ്മാമ്മയെ കെട്ടിപ്പിടിച്ച് താങ്ക്സ് പറഞ്ഞു മഞ്ജുള. വെള്ളം, ശൗചാലയം, കറന്റ്, ഭക്ഷണം എന്നിവ ഒന്നും തന്നെ ഇല്ല. വസ്ത്രം മാറി ഇടാനാവശ്യമായത്, Under garments, Sanitary Napkin ഇതൊന്നും ഓർക്കകൂടി വേണ്ട. ഇവരോടൊക്കെ എങ്ങനെ വ്യക്തിശുചിത്വം പാലിക്കണമെന്ന് പറയാൻ സാധിക്കും. തുടർന്ന് തീർത്ഥാടന കേന്ദ്രമായ നാഗമംഗലത്ത് എത്തി. നാഗമംഗലം ആശ്രമത്തിൽ മാതാവിനെ കണ്ടു. വിശുദ്ധ ജലം എടുത്തു. എല്ലാവരും പ്രാർത്ഥിച്ചു. തിരികെ വിലുപ്പാച്ചിപുരത്ത് എത്തി. ആർ.എസ്.എസ്. അധിവേശവും ബി.ജെ.പി. പ്രശ്നമേഖലയുമായ സ്ഥലം. വിദ്യാഭ്യാസം 10-ാം ക്ലാസ്. അല്പം വൃത്തിയുള്ള സ്ഥലം. പ്രശ്നമേഖലയിൽ കർത്താവിന്റെ കൃപയാൽ ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. ഇവിടെ ആന കാല് തല്ലിഒടിച്ച ഒരാളെ കാണാൻ സാധിച്ചു. ഇദ്ദേഹത്തിന്റെ മകനും ഭാര്യയും ജ്ഞാനസ്നാനം സ്വീകരിച്ചവർ ആണ്. അവിടെ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം വചനം പറഞ്ഞ് വീണ്ടും പ്രാർത്ഥിച്ചു. അദ്ദേഹം വേദനയ്ക്ക് കുറവുണ്ടെന്ന് പറഞ്ഞു. അവിടെനിന്ന് ഇരുളുപെട്ടിയിൽ എത്തി. ശോചനീയം പരകോടിയിലെത്തിയ സ്ഥലം, കള്ളും കഞ്ചാവും ചെറിയ കുഞ്ഞുകുട്ടികൾ വരെ ഉപയോഗിക്കുന്നു. വേസ്റ്റ് പെറുക്കുന്നവർക്കിടയിൽ എല്ലാവരും. സ്കൂളിൽ പോകുന്നില്ല. ചിലർക്ക് 4-ാം ക്ലാസ് വിദ്യാഭ്യാസം ഉണ്ട്. കറന്റില്ല, സോളാർ ലൈറ്റ് രാത്രി 10 മണിയോടെ കെടും. ഒരു വീട്ടിൽ മാത്രമാണ് ഒരു കസേര കണ്ടത്. ദിവസം ഒരു നേരം മാത്രം ഭക്ഷണം. ഇവിടെ 18-ാം വയസ്സിൽ രണ്ടാമതും പ്രഗ്നന്റ് ആയ മകളും 34-ാം വയസ്സിൽ ആറാമതും പ്രഗ്നന്റ് ആയ അമ്മയെയും കാണാൻ സാധിച്ചു. ഇതവർക്ക് പുത്തരിയല്ല. പ്രായപൂർത്തിയായ പെൺകുട്ടികൾ പ്രഗ്നന്റ് ആകുന്നത് സ്വാഭാവികം എന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ഞങ്ങളുടെ കൂടെയുള്ള സുജ രാജൻ (സുജയാന്റി) നവീൻ എന്ന കുഞ്ഞിനെ സ്പോൺസർ ചെയ്തു. മൂന്നാം ദിവസം കാമഗിരി സിദ്ധിക് നഗർ സന്ദർശിച്ചു. കാമഗിരിയിൽ നമുക്ക് ഒരു ഹാൾ ഉണ്ട്. ഞങ്ങൾ സ്വയം തയ്യാറാക്കിയ ഉച്ചഭക്ഷണം കരുതിയായിരുന്നു പോയത്. അവിടെ ഒന്നരവയസ്സ് ആയിട്ടും നടക്കാത്ത ഒരു കുഞ്ഞിനെ സുജയാന്റി പ്രാർത്ഥിച്ച് നടത്തി. തുടർന്ന് ആ ഭവനത്തിലുള്ളവർ ഞങ്ങളെ അന്വേഷിച്ച് വന്നു. അവരുടെ 60 ദിവസം പ്രായമായ കുഞ്ഞിനെ തൊട്ട് പ്രാർത്ഥിക്കണമെന്ന് പറഞ്ഞു. കാമഗിരിയിൽ കണ്ട അത്ഭുതം അവിടെയും ഒരു രണ്ടിലോ മൂന്നിലോ പഠിക്കാൻ പ്രായമായ ഒരു കുട്ടി അമ്മയുടെ മടിയിൽ മരണാസന്നയായി കിടന്നിരുന്നു. ആ ഭവനത്തിൽ പ്രാർത്ഥിക്കാൻ കയറിയത് തന്നെ വലിയ ബുദ്ധിമുട്ടായിരുന്നു. തുടർന്ന് ഞങ്ങൾ (പ്രഭ സിസ്റ്റർ, മോളി, സുജ, ജോസഫ് സാർ) ജോസ് ബെനറ്റ് അച്ചനോടൊപ്പം വീണ്ടും ആ ഭവനം സന്ദർശിച്ചു. ഞങ്ങൾക്ക് black cat protection നൽകി ബാംഗ്ലൂരിൽ നിന്നുള്ള ജെയിംസ് അങ്കിൾ വീടിന് പുറത്ത് നിലകൊണ്ടു. കാലിൽ പ്ലാസ്റ്റിക് സർജറി നടത്തി കാലുവെച്ചുകെട്ടി നടക്കുന്ന ജോസച്ചനെ ആ വീടിന്റെ ഗൃഹനാഥൻ വീട്ടിൽ ചെരുപ്പിട്ടുകേറിയതിന് അധിക്ഷേപിച്ച് ഇറക്കി. അച്ചൻ ക്ഷമയോടെ ചെരുപ്പൂരി വീണ്ടും ആ വീട്ടിൽ കയറി. വീട്ടുകാർ ആരോടും പറയാതെ ജലംകൊണ്ട് ആ കുഞ്ഞിന് ജ്ഞാനസ്നാനം നൽകി. മാറ്റം പ്രത്യക്ഷത്തിലായിരുന്നു. കുട്ടി ശ്വാസംവലിക്കുന്നത് സാധാരണരീതിയിലേക്ക് മാറി. ഇന്ന് ആ കുടുംബം മുഴുവൻ ജ്ഞാനസ്നാനം സ്വീകരിക്കാൻ തയ്യാറായി വന്നിരിക്കുന്നു. ജ്ഞാനസ്നാനത്തിന്റെ ശക്തി വ്യക്തമായി തെളിഞ്ഞ ഈ രംഗത്തിന് സാക്ഷിയാകുവാൻ സാധിച്ചതിന് പരമ കാരുണ്യവാനായ ദൈവത്തിന് നന്ദി. കാമഗിരിയിൽ നിന്നും താഴോട്ടുള്ള വഴി നടന്ന് സിദ്ധിക്ക് നഗറിലെത്തി. സിനിമയിലൊക്കെ കാണുന്ന അഗ്രഹാരമോഡൽ വീടുകൾ. ചെറിയ വീട്, മുറ്റം, മുറ്റത്തെകോലം, പക്ഷേ ശൗചാലയം ഇല്ല. ഇവിടെ കുട്ടികളെ ചേർത്തിരുത്തി ശോഭ സിസ്റ്റർ പാട്ടുകൾ പാടിച്ചു. കുട്ടികൾ എല്ലാവരും സ്കൂളിൽ പോകുന്നു. പക്ഷേ പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രമേ നൽകുന്നുള്ളൂ. 18 വയസ്സിനുശേഷം മാത്രമേ പെൺകുട്ടികളെ വിവാഹത്തിനായി ഒരുക്കുന്നുള്ളൂ. പൊതുവെ ശാന്തമായ സ്ഥലം.

നാലാം ദിവസം രണ്ടു ഗ്രൂപ്പായി മഞ്ജുമലൈ, ശിവലിംഗപുരം, ഗൗഡന്നൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. മഞ്ജുമലൈയിൽ വചനം പറഞ്ഞ് പ്രാർത്ഥിക്കാൻ പറഞ്ഞ ഭവനം കണ്ടു. നിറയെ അമ്പലങ്ങൾ ഉള്ള സ്ഥലമാണ് മഞ്ജുമലൈ. കാട്ടിൽ നിന്നും തീറ്റകഴിഞ്ഞ് വന്ന കാളകളുടെ മുന്നിലകപ്പെട്ട ഞങ്ങൾ ദൈവത്തിന്റെ അദൃശ്യമായ കരുതലിലൂടെ ആപത്തില്ലാതെ രക്ഷപ്പെട്ടു. അച്ഛന്റെ രോഗംകാരണം കടനടത്തി നിത്യവൃത്തി നടത്തുന്ന 18 വയസ്സുകാരി ഹൃദയസ്പർശിയായ കാഴ്ചയായിരുന്നു. മോനിക്ക എന്ന് പേരുള്ള കുട്ടി. പള്ളിയിൽ പ്രാർത്ഥിച്ച് മക്കളുണ്ടായ കുടുംബം. ചിക്കൻ പോക്സ് ബാധിതനായ ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടി ഇവരെല്ലാം മഞ്ജുമലൈയിലെ നേർകാഴ്ചകളിൽ പെടുന്നു. എന്നാൽ പത്താം ക്ലാസ് വിദ്യാഭ്യാസവും ഹോസൂരിൽ ജോലിയും, ബൈക്ക്, ആധുനിക മൊബൈൽ എന്നിവയോടുകൂടിയ ആധുനിക യുവാവ് അവന് പ്രാർത്ഥന വേണ്ട എന്നും പറഞ്ഞു. 15,000/- രൂപ ശമ്പളം കിട്ടും അതുമതി എന്ന ധാർഷ്ട്യം.

ശിവലിംഗപുരം, പ്രത്യേകതകൾ വളരെയുള്ള സ്ഥലം. ടീമിലുള്ള ജസീന്താൾ ടീച്ചർ എല്ലാവർക്കും മിഠായി വിതരണം ചെയ്യുമ്പോൾ ഈശോപ്പാ വന്നേ എന്ന വിളിയുമായി കുട്ടികൾ ചുറ്റും വന്നു. അൻപാർന്ന ആണ്ടവൻ (സ്നേഹിക്കുന്ന ദൈവം) എന്ന സന്ദേശം അവർക്കുനൽകി. ഇവിടെ പ്രദേശവാസിയായ ഒരാൾ ഫോട്ടോ എടുത്ത് പ്രശ്നം ഉണ്ടാക്കുവാൻ തുടങ്ങി. താമസം വിനാ കാര്യങ്ങൾ മനസ്സിലാക്കി ഞങ്ങൾ ഗൗഡല്ലൂർക്ക് യാത്ര തിരിച്ചു. ഗൗഡല്ലൂരും ശിവലിംഗപുരത്തും വസ്ത്രങ്ങൾ വിതരണം ചെയ്തു. തമിഴ്നാട്ടിൽ കന്നട സംസാരിക്കുന്ന സ്ഥലമാണ് ഗൗഡല്ലൂർ.


ടെമ്പോയിൽ കുത്തനെയുള്ള കയറ്റം കയറി പോകേണ്ട സ്ഥലമായതിനാൽ ടി പള്ളിയൂരിൽ പോകാൻ സാധിച്ചില്ല. ടെമ്പോയുടെ പുറകിൽ പിടിച്ചുനിന്നുവേണം യാത്ര ചെയ്യുവാൻ. ഞങ്ങളുടെ വാഹനം ഓടിച്ചിരുന്ന മണി ഈ യാത്രയോടുകൂടി ഞങ്ങളോട് യേശുവിനെക്കുറിച്ച് അറിയുകയും ഈ ദിവസങ്ങളിൽ ഞങ്ങൾ പാടിയ പാട്ടുകളും ജപമാലയും തമിഴിൽ ലഭിക്കുമോയെന്ന് അന്വേഷിക്കുകയും തുടർ ദിവസങ്ങളിൽ മലയാളം ക്രിസ്തീയ ഗാനങ്ങൾ പാടാൻ ശ്രമിക്കുകയും വണ്ടിയിൽ സ്റ്റീരിയോ പ്ലേ ചെയ്യുകയും കുടുംബമായി ജ്ഞാനസ്നാനം സ്വീകരിക്കാൻ തയ്യാറാണെന്ന് പറയുകയും ചെയ്തു.

*(തുടർച്ച 5-ാം പേജിൽ)*

www.malankaralibrary.com



മുഖമൊഴി



# സുവിശേഷസംഘത്തിന്റെ സ്വർഗീയ മധ്യസ്ഥൻ

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

നമ്മുടെ പുണ്യപിതാവ് ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ എഴുപത്തിയൊന്നാം ഓർമ്മപ്പെരുന്നാൾ, ധന്യൻ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനു ശേഷമുള്ള ആദ്യഓർമ്മപ്പെരുന്നാൾ, ആ സുദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും മാന്യവായനക്കാർക്ക് ഹൃദയംഗമമായി നേരുന്നു. ഓരോ ഓർമ്മപെരുന്നാളുകളും ഒരു ഓർമ്മപ്പെടുത്തലാണ്. പുണ്യപിതാവിന്റെ ജീവിതം, അതുതരുന്ന മാതൃക, പിതാവ് നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം, ഇതിന്റെയെല്ലാം ഒരു ഓർമ്മപ്പെടുത്തൽ. ആ സുന്ദരസുരഭില സ്മരണയിൽ നമ്മുടെ ആത്മീയ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുന്നതിനുള്ള അവസരം.

ഭാരതത്തിന്റെ സുവിഷേശവൽക്കരണം എന്നും പിതാവിന്റെ ഒരു സ്വപ്നമായിരുന്നു. ഓരോ ക്രൈസ്തവന്റേയും പരമപ്രധാന ദൗത്യം സുവിശേഷവൽക്കരണമാണെന്നു പിതാവ് കരുതിയിരുന്നു. യേശു നൽകുന്ന കല്പനയും അതുതന്നെ. “അവന് അവരോടുപറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിന്. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവന് രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും” (മർക്കോ. 16:15-16).

താൻ ജനിച്ചു വളർന്ന സഭയിൽ അതിനുള്ള യാതൊരു സാഹചര്യവും പിതാവ് കണ്ടില്ല. കലഹത്തിൽ മതിമറന്നവർക്ക് സുവിശേഷം ഒരു അലങ്കാരംമാത്രം. ഇവിടെ പിതാവിന്റെ സത്യാന്വേഷണം ആരംഭിക്കുന്നു. വായന, ധ്യാനം, മനനം എല്ലാം ഒരു ലക്ഷ്യത്തിലേക്കു തന്നെ. വിശുദ്ധ കുർബാനയിലൂടെ, കൂദാശകളിലൂടെ, പ്രാർത്ഥനകളിലൂടെ പിതാവ് ആ സത്യത്തിൽ എത്തിച്ചേർന്നു. “പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണ് അല്ലേ? യേശു പ്രതിവചിച്ചു: നീ തന്നെ പറയുന്നു, ഞാന് രാജാവാണെന്ന്. ഇതിനുവേണ്ടിയാണു ഞാന് ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാന് ഈലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നല്കാൻ. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരംകേൾക്കുന്നു.” (യോഹ. 18 : 37). ഈ സത്യത്തിന്റെ പരിപൂർണത കത്തോലിക്കാ സഭയിലാണെന്ന് പിതാവ് കണ്ടെത്തി. പരിശുദ്ധാൽമാവിന്റെ നടത്തിപ്പിൽ പിതാവ് പുനരൈക്യം അർത്ഥവത്താക്കി. ഇന്ന് നമ്മൾ അതിന്റെ സൽഫലങ്ങൾ അഭിമാനപൂർവം അനുഭവിക്കുന്നു.

‘നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും‘. (യോഹ. 8 : 32). മാർ ഇവാനിയോസ് പിതാവ് എന്നും ഒരു സത്യാന്വേഷകനായിരുന്നു. സത്യം കണ്ടെത്തുകയും ആ സത്യത്തെ മുറുകെ പിടിക്കുകയും ചെയ്തു. അന്തഛിദ്രമുള്ള ഒരുഭവനവും നിലനിൽക്കുകയില്ല എന്ന ബോധ്യം പിതാവിനുണ്ടായിരുന്നു. വഴക്കുകളിൽ നിന്നും, ഗൂഢാലോചനകളിൽ നിന്നും ഒഴിഞ്ഞുനില്ക്കാൻ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. സത്യം കണ്ടെത്താൻ ഏതറ്റംവരെയും പോകാൻ മടിയില്ലായിരുന്നു. കണ്ടെത്തിയ സത്യത്തെ, കൂടെ നിന്നവർ ഉപേക്ഷിച്ചപ്പോൾപോലും മുറുകെ പുൽകി. “ദൈവത്തിൽനിന്നുള്ള മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു” (യോഹ. 12: 43).

സത്യം മനസ്സിലാക്കുന്ന പലരും, മറ്റുള്ളവരുടെ അപ്രീതി ഉണ്ടാകാതിരിക്കാൻ സത്യത്തെ പുൽകാൻ മടികാണിക്കാറുണ്ട്. എന്നാൽ പിതാവ് മനസ്സിലാക്കിയ സത്യത്തെ മുറുകെപിടിച്ചു. പിതാവിന്റെ അവസാന സന്ദേശത്തിൽ പരാമർശിക്കപ്പെട്ട വേദഭാഗം, ആ സത്യാന്വേഷണത്തിന്റെ അടിസ്ഥാനമാണ്. ‘നിന്റെ ജീവിതം കർത്താവിനുഭരമേല്പിക്കുക, കർത്താവിൽ വിശ്വാസമർപ്പിക്കുക; അവിടുന്ന് നോക്കിക്കൊള്ളും‘. (സങ്കീ. 37:5). അസത്യങ്ങളെ സത്യങ്ങളായും, അർദ്ധസത്യങ്ങളെ പരിപൂർണ സത്യങ്ങളായും അവതരിപ്പിക്കപ്പെടുന്ന ഈ സത്യാനന്തര കാലഘട്ടത്തിൽ, നമുക്കും സത്യാന്വേഷകരായും, സത്യോപാസകരായും മാറാം. സുവിശേഷസംഘത്തിന്റെ പരിശീലനങ്ങൾ നമ്മെ അതിനു പ്രാപ്തരാക്കുന്നു.

ഭാരത സുവിശേഷവൽക്കരണം എന്ന ആഗ്രഹം പ്രാവർത്തികമാക്കാൻ വിളിലഭിച്ചവരാണ് കൈവയ്പ്പു ലഭിച്ച ഓരോ സുവിശേഷസംഘാംഗവും. അതിനായി മുന്നിട്ടിറങ്ങുന്ന ഓരോ വ്യക്തിക്കും പിതാവിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ലഭിച്ചിരിക്കും. ആ പ്രവർത്തനങ്ങൾക്കൊക്കെയും പിതാവ് സ്വർഗത്തിൽ മാദ്ധ്യസ്ഥം വഹിച്ചിരിക്കും, നിച്ഛയം. പിതാവ് സ്വർഗത്തിലിരുന്നു നമുക്കുവേണ്ടി പ്രാർത്ഥിക്കും എന്ന ഉറപ്പുനൽകിയിട്ടാണ് സ്വർഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടത്. അതിന്റെ സ്മരണ ആചരിക്കുന്ന ഈ വേളയിൽ, നമ്മെതന്നെ സുവിശേഷത്തിനായി സമർപ്പിക്കാം, പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് വ്യക്തിപരമായും, സമൂഹമായും, നമ്മുടെ എല്ലാ പ്രവർത്തന മേഖലകളിലും ലഭിക്കുന്നതിനായി പ്രാർത്ഥിക്കാം.

ധ്യാനചിന്ത



# ദൈവത്തിന്റെ കരം പിടിച്ചു കൊണ്ട് മുണ്ടൻ മലയിറങ്ങിയ താപസശ്രേഷ്ഠൻ

**ഫാ. ഗീവർഗ്ഗീസ് നെടിയമലയിൽ**
*ഡയറക്ടർ, മാവേലിക്കര ഭദ്രാസനം*

സകലതും വിട്ടുകൊടുത്തുകൊണ്ട് ദൈവം മാത്രം ജീവിതത്തിലെ ആശ്രയം എന്നു പറഞ്ഞുകൊണ്ട് സഹയാത്രികരെയും കൊണ്ട് നടന്നിറങ്ങിയ വഴികൾ.... ശൂന്യതയിലേക്കുള്ള എടുത്തുചാട്ടമല്ല പിന്നെ ദൈവകരങ്ങളിലുള്ള യാത്ര. “ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു”(ഏശ.49:16) എന്ന മഹത്വത്തിന്റെ ആഴമായ പൊരുൾ തേടിയുള്ള ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മുണ്ടൻമലയിറക്കം.

ദൈവസമ്പാദനമാണ് ദൈവസേവനത്തേക്കാൾ അത്യുത്തമം എന്ന പിതാവിന്റെ പ്രബോദാത്മകമായ വാക്ക് കേട്ട് എത്രയോ വ്യക്തികൾ തങ്ങളുടെ ജീവിതങ്ങളെ ദൈവ സന്നിധിയിൽ സമർപ്പിച്ചു. ഈ ലോകത്തിന്റെ വ്യഗ്രതകൾക്കിടയിൽ ദൈവസമ്പാദനമാണ് അത്യുത്തമമായി തിളങ്ങി നിൽക്കുന്നത്. ആ ദൈവ സമ്പാദനത്തിൽ ഒത്തിരികാര്യങ്ങളെ വിട്ടിട്ടും ഇട്ടിട്ടും പോകേണ്ടതായി വരും. അവയെ ബോധപൂർവ്വം ത്യജിക്കുമ്പോൾ ഉണ്ടാകാവുന്ന വേദന തീവ്രമായിരിക്കും. എന്നാൽ ആത്യന്തികമായി നിലനിൽക്കുന്നത് ദൈവസമ്പാദനം മാത്രമാണ്.

ഈ സമർപ്പിണജീവിതത്തിൽ നമ്മുടെ പൂർവ്വ പിതാവായ അബ്രഹാമിന്റെ വിശ്വാസം തേജസുറ്റതാണ്. ആ കനൽവഴിയുടെ ജീവിതംതന്നെ അബ്രഹാം പിതാവിന് പറയാനുണ്ട്. ഒരു പാട് കാത്തിരിപ്പിന്റെയും ക്ഷമയുടെയും ജീവിത ദർശനമാണ് ആ വഴി യാത്രയിൽ.... ജീവിത സായാഹനത്തിൽ ദൈവം അബ്രഹാത്തിനും, സാറായിക്കും കനിഞ്ഞുനൽകിയ ആ അരുമസുതനെപ്പോലും ബലിയർപ്പിക്കണമെന്ന് ദൈവം ആവശ്യപ്പെടുമ്പോൾ... ഏതു മാതൃഹൃദയമാണ് പൊടിയാത്തത്. ഏത് നയനങ്ങളാണ് കണ്ണീർ പ്രവാഹമാകാത്തത്. വാത്സല്യമുള്ള ഏത് പിതൃഹൃദയമാണ് മുറിയപ്പെടാത്തത്. എങ്കിലും ദൈവകരങ്ങളിൽ എല്ലാം സുരക്ഷിതമാണെന്ന വലിയ തിരിച്ചറിവാണ് ആ പിതാവിനെ ബലപ്പെടുത്തിയത്.

ഈ അബ്രഹാം പിതാവിന്റെ ആഴമായ വിശ്വാസമാണ് ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ആഴമായ വിശ്വാസത്തിന്റെ ആധാരം. ഉല്പ....12-ൽ നാടും വീടും വിട്ട് അപേക്ഷിക്കാനുള്ള അബ്രഹാത്തിന്റെ ദൈവ നിശ്ചയം. ഉല്പ.(22)-ൽ തന്റെ മകൻ ഇസഹാക്കിനെ ബലിയർപ്പിക്കാനുള്ള ദൈവനിയോഗം..

മോറിയാ മല ലക്ഷ്യമാക്കിയുള്ള യാത്രയിൽ അബ്രഹാം പിതാവിന്റെ ആഴമായ വിശ്വാസം നാം കാണുന്നു. വഴിയാത്രയിൽ മകൻ ഇസഹാക്ക് ഹൃദയത്തെ കീറിമുറിക്കുന്ന ഒരു ചോദ്യമാണ് ചോദിച്ചത്. ബലിക്കുള്ള മൃഗം എവിടെ?.. മോനെ ദൈവം അത് നോക്കിക്കൊള്ളും. മലയുടെ മുകൾപരപ്പിൽ ഈ ദൈവിക ഇടപെടൽ നമ്മൾ കാണുന്നു. ദൈവം തക്കസമയത്ത് എല്ലാം ചെയ്തുകൊള്ളുമെന്ന് സകലരെയും ബോധ്യപ്പെടുത്താൻ ദൈവം ഇടപെടുകയാണ്. അങ്ങനെ അബ്രഹാം വിശ്വാസികളുടെ പിതാവായിത്തീർന്നു.

ദൈവം സകലതും നോക്കിക്കൊള്ളുമെന്ന മഹാപ്രത്യാശയിൽ സകലതും വിട്ടുകൊടുത്തുകൊണ്ടുള്ള വിജയമായിരുന്നു അത്.. യാത്രയിൽ കഠിനമായ വഴികളാണ് പിതാവ് പിന്നിട്ടത്. ആക്ഷേപത്തിന്റെ... ഭീഷണിയുടെ... ആ ഹൃദയം നന്നായി മുറിഞ്ഞു എങ്കിലും പരമപിതാവിനോടും സകലരോടും ക്ഷമിക്കാനും, അനുഗ്രഹിക്കാനും പാലിക്കുന്ന പിതാവിനെയാണ് നമ്മൾ കാണുന്നത്. ദൈവത്തിലുള്ള നിരന്തരമായ ആശയം എങ്ങനെ ഒരുവനെ ശക്തിപ്പെടുത്തുന്നുവെന്ന് നമ്മൾ പിതാവിലൂടെ അറിയുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥന നമുക്ക് ആശ്രയമായി മാറട്ടെ..

( ...... 4-ാം പേജിൽ നിന്നും തുടർച്ച)

പിറ്റേദിവസം കൊടകരൈ സന്ദർശിച്ചു. തേൻകനികോട്ടയിൽ നിന്നും വളരെ ദൂരെയുള്ള സ്ഥലം ഒരു മണിക്കൂറിൽ കൂടുതൽ യാത്രയുണ്ട്. കാടിന് നടുവിലൂടെയുള്ള യാത്ര. ചെക്ക്പോസ്റ്റിൽ സോഷ്യൽ സർവ്വീസ് അംഗങ്ങൾ എന്ന് പറഞ്ഞ് യാത്ര തുടർന്നു. ഇലക്ഷൻ സമയമായതിനാൽ ആർമി ചെക്കിംഗ്, ഇലക്ഷൻ കമ്മിഷൻ സ്ക്വാഡ് ചെക്കിംഗ്, പോലീസ് ചെക്കിംഗ് എന്നിവയെല്ലാം നേരിട്ട് യാത്ര തുടർന്നപ്പോൾ കാട്ടുതീ റോഡിന്റെ ഇരുവശവും. തീ കാരണം കാറ് റോഡിൽ നിർത്തിയിട്ട് ജോസച്ചൻ പ്രാർത്ഥിച്ചു. അല്പസമയത്തിനുശേഷം തീയുടെ പുക മാറി റോഡിന്റെ ഒരു വശം മാത്രം തീ. കാറ് മറുവശത്തൂടെ യാത്ര തുടർന്നു. ആദ്യം തീ ഇടത്തായിരുന്നെങ്കിൽ പിന്നീടത് വലതുവശത്തേക്ക് പടർന്നു അപ്പോൾ കാർ ഇടതുവശത്തൂടെ മോശ ചെങ്കടൽ കടത്തിയതുപോലെ റോഡിലൂടെ തീക്കിടയിലൂടെ യാത്ര ചെയ്ത ഞങ്ങൾ കൊടകരൈ എത്തി. പാട്ടുമത്സരം നടത്തി കുട്ടികൾക്ക് ക്യാഷ് പ്രൈസ് കൊടുത്തു. ബണ്ണിനായി ഇരു കൈകളും നീട്ടുന്ന മിടുക്കരെയും. ഒന്ന് വാങ്ങി വീണ്ടും കണ്ടു. ഈശോ ആണ്ടവനാണെന്ന് അവർ പഠിച്ചിട്ടുണ്ട്. ഇവിടെയും ഞങ്ങളുടെ ഉച്ചഭക്ഷണം ഞങ്ങൾ തനിയെ തയ്യാറാക്കി കൊണ്ടുപോയി. ബാട്ടി ബിരിയാണി സ്ഥലവാസികൾക്ക് നൽകി. തിരുകെ വരുംവഴി ഹോസൂർ പള്ളി സന്ദർശിച്ചു. ഒറ്റ മുറി മാത്രമുള്ള ഒരു ചെറിയ പള്ളി. ഞായറാഴ്ച ഞങ്ങൾ ഉള്ളുകുറുക്കൈ സന്ദർശിച്ചു. മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി, ഒരു വീട്ടിൽ പ്രവർത്തിക്കുന്നു. ഇവിടെ കുർബാന നടത്തി. ഇന്ന് അത് പള്ളിയാക്കി മാറ്റിയിരിക്കുന്നു. ഈ ഭവനത്തിലെ 24 വയസ്സുള്ള മകൾക്ക് വയറ്റിൽ ക്യാൻസർ ആണ്. ഗർഭപാത്രം റിമൂവ് ചെയ്യണമെന്ന് പറഞ്ഞിരുന്നു. കുർബാനയ്ക്കുശേഷം ഞങ്ങൾ എല്ലാവരും 6 പേരും-ജെയിംസ് അങ്കിൾ, രതീഷ്, ബ്രദർ, ജോസച്ചൻ, ശോഭ സിസ്റ്റർ, പ്രഭ സിസ്റ്റർ) കൈവച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടന്ന പരിശോധനയിൽ 1 മാസത്തെ മരുന്ന് കഴിച്ചാൽ മാറും എന്ന് ഡോക്ടർ വിലയിരുത്തി. മാർത്താണ്ഡം സ്വദേശിയായ അമ്മ അംഗനവാടി ടീച്ചർ ആയി ഉള്ളുകുറുക്കൈയിൽ ഭർത്താവിനോടും മക്കളോടും ഒപ്പം താമസിക്കുന്നു. ഈ അമ്മയുടെ വീടിനുള്ളിൽ നടത്തിയിരുന്ന കുർബാന ഇപ്പോൾ വീടിനു മുകളിൽ മുറി പണിത് മാർ ഈവാനിയോസ് പള്ളിയായി രൂപാന്തരപ്പെട്ടിരിക്കുന്നു. മാർത്താണ്ഡം രൂപതയുടെ തീക്ഷ്ണ ക്രിസ്തുരാജപുരമായി ഉള്ളുകുറുക്കൈയിൽ എത്തിയിരിക്കുന്നു.

തടിക്കൽ, ഇരുളുക്കാലത്തി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. തടിക്കൽ-വിദ്യാഭ്യാസവും വിവരവും വൃത്തിയും ഉള്ള ജനങ്ങൾ. ഇടത്തരം ഭവനങ്ങൾ. കറന്റ്, ജലം, വ്യക്തിശുചിത്വം എല്ലാം ഉള്ള ഭവനങ്ങൾ. ശോഭ സിസ്റ്റർ പ്രാർത്ഥിച്ചതിനുശേഷം 2 പെൺകുട്ടികൾക്ക് ആൺകുട്ടി ഉണ്ടായ വീട് സന്ദർശിച്ച് കുട്ടികളെ കണ്ടു പ്രാർത്ഥിച്ചു. ഓരോ വീട്ടിലും പ്രാർത്ഥിച്ചുവന്നപ്പോൾ ഒരു വീട് ചുറ്റും വേലികെട്ടി മറച്ചിരിക്കുന്നു. ഈറ

(തുടർച്ച 11-ാം പേജിൽ)

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



പൂനെ-ഘട്കി ഭദ്രാസനം, മുംബൈ റീജിയണിൽ 2-ാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചവർ

## സഭാതല വാർത്തകൾ

### മലങ്കര കത്തോലിക്കാ സിനഡൽ കമ്മീഷൻ

കാതോലിക്കേറ്റിൽ വച്ച് ഫെബ്രുവരി 21 ന് നടന്ന മലങ്കര കത്തോലിക്കാ സഭയുടെ 28-ാം സുനഹദോസിൽ ഇവാഞ്ചലൈസേഷൻ കമ്മീഷന്റെയും സുവിശേഷസംഘത്തിന്റെയും സെക്രട്ടറിമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും സിനഡിന്റെ അവലോകനസമ്മേളത്തിൽ പങ്കെടുക്കുകയും ചെയ്തു.

### മെത്രാഭിഷേകം

കട്ഖി-പൂനാ ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന്റെ കോപോളിയിൽ വച്ച് ഫെബ്രൂവരി 15ന് നടന്ന മെത്രഭിഷേക ശുശ്രീഷകളിൽ സുവിശഷസംഘത്തെ പ്രതിനിധീകരിച്ച് സുവിശേഷസംഘത്തിന്റെ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോനും എക്സിക്യൂട്ടിവ് സെക്രട്ടറി ബഹു. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒഐസിയും പങ്കെടുത്തു.

### മിഷൻ സന്ദർശനം, ഓൺലൈൻ മിഷൻ പരിശീലനം

മലങ്കര കത്തോലിക്കാ സഭയിലെ സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ കൈവയ്പ്പു കിട്ടിയ സുവിശേഷസംഘാംഗങ്ങൾക്കായി നടത്തിയ മിഷൻ പരിശീലനത്തിന്റെ തുടർച്ചയായി 7 പേരടങ്ങിയ ആദ്യം ടീം കട്ഖി-പുനാം ഭദ്രാസനത്തിന്റെ കീഴിലുള്ള ദേൻകനിങ്കോട്ടൈ മിഷന്റെ കീഴിലുള്ള 12 വില്ലേജുകളിൽ 2024 ഏപ്രിൽ 10 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സന്ദർശനം നടത്തി. ശ്രീ. രവീന്ദ്രദാസ്, ശ്രീ.ജോസ് കറ്റാനം, ശ്രീ.ജയിംസ്, ശ്രീമതി. മോളി മാത്യു, ശ്രീമതി. വത്സമ്മ ജോൺ, ശ്രീമതി.സുജാ രാജൻ, ശ്രീമതി. ജസീന്താൾ ഡി. എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. ദേൻകനിങ്കോട്ടൈ മിഷന്റെ വികാരി ബഹു. ഫാ. ജോസ് ബന്നറ്റ്, ബഹു സി. പ്രഭാ എസ്. ഐ.സി, ബഹു സി. ശോഭാ എസ്. ഐ.സി എന്നിവരോട് ചേർന്ന് നടത്തിയ മിഷൻ സന്ദർശനം സുവിശേഷ സംഘാംഗങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായി മാറി.

മിഷൻ പ്രവർത്തനത്തിന് താല്പര്യമുള്ള 17 പേരേക്കൂടി ഉൾപ്പെടുത്തി 2024-ൽ പുതിയ ഒരു മിഷൻ ബാച്ച് കൂടി ആരംഭിച്ചു. ഒറിസാ, ആന്ധ്ര, ദേൻകനിങ്കോട്ടൈ എന്നീ സ്ഥലങ്ങളിൽ സെപ്റ്റംബർ മാസത്തിലേക്കു പുതിയ മിഷൻ സന്ദർശന പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു.

### സുവിശേഷസംഘം പ്രീച്ചിങ്ങ് മിനിസ്ട്രി

സുവിശേഷ പ്രസംഗം നടത്തുവാൻ താല്പര്യമുള്ള സുവിശേഷസംഘത്തിൽ സഭതലത്തിലും ദദ്രാസനതലത്തിലും കൈവയ്പ്പു സ്വീകരിച്ച 100 സുവിശേഷ സംഘാംഗങ്ങൾ അടങ്ങിയ ആദ്യ ബാച്ച് 2024 ഏപ്രിൽ 10 ന് ആരംഭിച്ച് 2025 ഏപ്രിൽ 10ന് ആവസാനിക്കുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന ഓൺലൈൻ പ്രസംഗ പരീശീലനം (പ്രീച്ചിങ്ങ് മിനിസ്ട്രീ) ആരംഭിച്ചു. എല്ലാ ബുധനാഴ്ചയും രാത്രി 8.30 മുതൽ 10.00 മണി വരെയാണ് പരീശീലനം.

### തൂടർപരിശീലനം

സഭാതലം 8-ാം ബാച്ചിന്റെ കൈവയ്പ്പിന് ശേഷം തൂടർ പരിശീലനം കാതോലിക്കേറ്റിൽ വച്ച് മെയ് 8ന് നടന്നു

### മാർ ഇവാനിയോസ് കബർ മിനിസ്ട്രി

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ മാധ്യസ്ഥ പ്രാർത്ഥന ശുശ്രുഷ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ ബഹു. സി. ഗ്ളോറി തെരേസ്സിന്റെയും സുവിശേഷസംഘാംഗങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. മാർ ഇവാനിയോസ് കബർ മിനിസ്ട്രിയിൽ സുവിശേഷസംഘാംഗങ്ങളും മറ്റും ധാരാളം ആളുകൾ പങ്കെടുക്കുന്നു. 2024 - ലെ മാർ ഇവാനിയോസ് ഡേയുടെ മുന്നോടിയായി നടന്ന പ്രാർത്ഥന ദിവസങ്ങളിൽ ജൂലൈ 9ന് 9.00 മുതൽ 11.00 വരെ സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്ത്വത്തിൽ പ്രാർത്ഥന ശുശ്രുഷ നടന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നും ധാരാളം സുവിശേഷസംഘാംഗങ്ങൾ ഇതിൽ പങ്കെടുത്ത് അനുഗ്രഹീതരായി.

### ലക്സിയോ ദിവീനാ & മധ്യസ്ഥ പ്രാർഥന

ഓൺലൈനായി എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7 മുതൽ 8.15 വരെ



മൂവാറ്റുപുഴ ഭദ്രാസനം 3-ാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചവർ

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



പൂനെ-ഖഡ്കി ഭദ്രാസനം, പൂനെ റീജിയണിൽ 2-ാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചവർ

നടക്കുന്ന സുവിശേഷസന്ധ്യയിൽ കൈവയ്പ്പു സ്വീകരിച്ചവരും പരിശീലനത്തിലിരിക്കുന്ന 100 റോളം സുവിശേഷ സംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു.

2024 മെയ് 11-ന് കാതോലിക്കേറ്റിൽ നടന്ന വൈദികരുടെ തുടർ പരിശീലനത്തിലും, നവംബർ 19-ന് നടന്ന ഡീക്കൻമാരുടെ പാസ്റ്ററൽ കോഴ്സിലും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ നേതൃത്വത്തിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് ലെക്സിയോ ദിവീനാ നടത്തപ്പെട്ടു. എല്ലാ ചൊവ്വാഴ്ചകളിലും സന്ധ്യക്ക് ഏഴു മണി മുതൽ 8.15 വരെ ഓൺലൈൻ ആയി ലെക്സിയോ ദിവീനാ നടത്തുന്നു. എല്ലാ വ്യാഴാഴ്ചയും രാവിലെ 11 മണി മുതൽ 12 മണി വരെ നടന്നു വരുന്ന പ്രാർത്ഥനാ കൂട്ടായ്മയിലും ധാരാളം സുവിശേഷ സംഘാംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും വചനപ്രഘോഷണം നടത്തുകയും ചെയ്യുന്നു.

## ഭദ്രാസനതല വാർത്തകൾ

### കൈവയ്പ്പ് ശുശ്രൂഷ

മുവാറ്റുപുഴ ഭദ്രാസനത്തിൽ പീച്ചി കേന്ദ്രമാക്കി കോവിഡ് 19-ന് മുൻപ് ആരംഭിച്ച പരിശീലനം പൂർത്തിയാക്കിയ 16 അംഗങ്ങളുടെ കൈവയ്പ്പു ശു2024 മാർച്ച് 3-ന് പീച്ചിയിൽ വച്ച് നല്കി. ഖഡ്കി-പൂനാ ഭദ്രാസനത്തിൽ മുംബൈ, പൂനാ എന്നീ റീജണുകളിലായി 2020-ൽ ആരംഭിച്ച് ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയ 41 അംഗങ്ങൾ മെയ് 18, 19 പൂനാ സെന്റ് അഫ്രേം കത്തിഡ്രൽ ദൈവാലയത്തിൽ വച്ചും, മുംബൈ സെന്റ് മേരീസ് സക്കീനാക്കാ ദൈവാലയത്തിൽ വച്ചും ുവിശേഷസംഘത്തിന്റെ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഖഡ്കി-പൂനാ ഭദ്രാസനാക്ഷ്യൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിൽ നിന്നും കൈവയ്പ്പു സ്വീകരിച്ചു. വികാരി ജനറൽ



സുവിശേഷസംഘ രൂപീകരണം കളിയിക്കാവിള വൈദീകജില്ല



സുവിശേഷസംഘ രൂപീകരണം കറ്റാനം, കടമ്പനാട്, മാവേലിക്കര വൈദീകജില്ലകൾ



പത്തനംതിട്ട ഭദ്രാസനം 4-ാം ബാച്ച് രൂപീകരണം

## NEW EPARCHIAL DIRECTORS FOR SUVISESHA SANGHAM



**Rev. Fr. Mathew Thazhethottathil**
Pune - Khadki




**Rev. Fr. Thomas Chaprath**
Bathery



**Rev. Fr. Geevarghese Nediamalayil**
Mavelikkara



**Rev. Fr. Daniel Poovannathil**
Thiruvananthapuram



ജൂലൈ 13 ന് നാമഹേതുക തിരുനാളും
ജൂലൈ 15 ന് മെത്രാഭിഷേക വാർഷികവും
ജൂലൈ 18ന് ജന്മദിനവും ആഘോഷിക്കുന്ന
**അഭിവന്ദ്യ ആൻണി മാർ സിൽവാനോസ്**
പിതാവിന് പ്രാർത്ഥനാശംസകൾ



**ഖഡ്കി-പൂനാ ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് പിതാവിന് പ്രാർത്ഥനാശംസകൾ**

www.malankaralibrary.com



### അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്ന സുവിശേഷ ഭാഗ്യങ്ങൾ

യുഗാന്ത്യോന്മുഖമായ ശിഷ്യത്വ തീർത്ഥാടനത്തിന് അസ്ഥിവാരം നല്കിയ വേദഭാഗമാണ് ഗിരിപ്രഭാഷണം. അഷ്ടസൗഭാഗ്യങ്ങളുടെ അവതരണത്തിൽ ദൈവരാജ്യത്തിന്റെ പങ്കുപറ്റൽ മാർഗ്ഗങ്ങൾ നസ്രായൻ വെളിപ്പെടുത്തുന്നു. അവൻ അധരം തുറന്ന് പഠിപ്പിച്ചു തുടങ്ങി എന്ന പ്രയോഗം, ക്രിസ്തുവിന്റെ പ്രബോധനാധികാരത്തെ സൂചിപ്പിക്കുന്നു. അനുഗ്രഹം എന്ന സൗഭാഗ്യാവസ്ഥ പ്രസ്തുത പ്രഭാഷണത്തിന്റെ അകകാമ്പാണ്. സുകൃതപൂർണ്ണമായൊരു ജീവിതത്തിന് സുവിശേഷം നല്കുന്ന സൽഫലമാണിത്. ദൈവോന്മുഖമായ ശിഷ്യത്വമുന്നേറ്റത്തിന് സ്വർഗ്ഗം കനിഞ്ഞ് നല്കുന്ന അഭിധാനവും പ്രതിഫലനവുമാണ് അനുഗ്രഹീതൻ എന്നവസ്ഥ. ഭൗമികജീവിതത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ സ്വായത്തമാക്കുന്ന ക്രിസ്താനുകരണത്തിന്റെ ആത്മീയ വേതനമാണിത്. ഒരു ആത്മീക -ധാർമ്മിക പ്രയാണത്തിൽ ക്രിസ്തുശിഷ്യൻ അവതരിപ്പിക്കുന്ന സാക്ഷ്യചൈതന്യമാണിത്. ക്രിസ്തു സംഭവങ്ങളോട് ശിഷ്യൻ നല്കുന്ന കാലികമായ പ്രത്യുത്തരമാണിത്. ജീവിതത്തിന്റെ ഭൗതികതയ്ക്കപ്പുറത്തേക്കുള്ള നിത്യതയുടെ പ്രത്യക്ഷീകരണമാണ് ഇവിടെ പ്രസ്പഷ്ടമായിരിക്കുന്നത്. ഉത്ഥാനരഹസ്യം ഉൾക്കൊള്ളുന്ന, മാലാഖമാർക്കടുത്ത വിശുദ്ധജീവിതമാണിവിടെ അന്തർലീനമായിരിക്കുന്നത്.

### അഷ്ടസൗഭാഗ്യപൂരിതമായ ഒരു ഈവാനിയൻ ദർശനം

നീതിമാന്റെ വാഴ്‌വിന് അർഹമായിരിക്കുന്ന ധന്യൻ മാർ ഈവാനിയോസിന്റെ ഓർമ്മയെ സങ്കീർത്തനകന്റെ ശ്ലാഘനിയ വചസ്സുകൾ സമുചിതമാകുന്നു: അവന്റെ ആനന്ദം കർത്താവിന്റെ നിയമത്തിലാണ്; രാവും പകലും അതിനെക്കുറിച്ചാണ് അവന്റെ ധ്യാനം. അവന്റെ അസ്തിത്വം മഹത്വപൂർണ്ണമായിരിക്കുന്നത്, അത് നീർച്ചാലിനരികെ വേരുറപ്പിക്കപ്പെട്ടിരിക്കുന്നതും യഥാകാലം ഫലം തന്നു കൊണ്ട് പച്ചപ്പ് നിലനിറുത്തുന്നതുകൊണ്ടുമാണ്. ഈവാനിയൻ ജീവിതസാഫല്യത്തിന്റെ ഗ്രാഹകശക്തി, അത് തിരുവചനത്തിന്റെ പ്രത്യാവർത്തനമാണെന്നുള്ളതാണ്. ദൈവവചനമെന്ന നീർച്ചാലിന്റെ സാമീപ്യവും പ്രബലതയുമാണ് ഇവിടെ ദൃശ്യമാകുന്നത്. ആ ജീവിതത്തിന്റെ യഥാകാലമുള്ള ഫലദായകത്വം മലങ്കര സഭയുടെ ചരിത്രസംഭവ്യതകൾ ദൃഷ്ടാന്തീകരിക്കുന്നു. മലങ്കര സഭയ്ക്ക് അതിന്റെ ചൈതന്യത്തിന്റെ പച്ചപ്പ് നിലനിറുത്തുവാൻ സന്ന്യാസമെന്ന പ്രകാശസംശ്ലേഷണത്തെ ആ താതൻ പകർന്ന് നല്കി. ബഥനിയെന്ന തണൽ വൃക്ഷത്തിന്റെ സംരക്ഷണവും ഊർജ്ജവും വന്ദ്യപിതാവ് തീർത്ഥാടകർക്ക് പ്രദാനം ചെയ്തു. മക്കാറിയോസ് എന്ന യവന നാമവിശേഷം സൂചിതമാക്കുന്ന അനുഗ്രഹത്തിന്റെ നന്മകൾ ആ ജീവിതമുന്നേറ്റം സമ്മാനിച്ചു. അനുഗ്രഹമെന്നത് സുനിശ്ചിതവും പഴുതുകളില്ലാത്തതുമായ സ്വർഗ്ഗീയാനുഭവമെങ്കിൽ, ധന്യൻ മാർ ഈവാനിയോസിന്റെ ശിഷ്യത്വ ജീവിതം അതിന്റെ പ്രത്യക്ഷീകരണമായിരുന്നു. ബറാക് എന്ന ഹെബ്രായ പദം അനുഗ്രഹം എന്നതിന്റെ ക്രിയാപദമാണ്; വാചാർത്ഥ്യം, മുട്ടുകൾ മടക്കുക, നമ്രശിരസ്കനാവുക എന്നിങ്ങനെയാണ്. ദൈവത്തിന്റെ മുമ്പിൽ വിനീതദാസനായി തീർന്നുകൊണ്ട് മാർ ഈവാനിയോസ്, തന്റെ ജീവിതത്തെ ഭക്തിസാന്ദ്രമാക്കി. ദൈവത്വത്തിന്റെ അഭിജ്ഞാനവും മഹത്വീകരണവും കറയറ്റ രീതിയിൽ നൽകികൊണ്ട് തന്റെ ജീവിതത്തെ ആരാധനയുടെ സുഗന്ധസൗരഭ്യമാക്കി. അഷ്ടസൗഭാഗ്യങ്ങളുടെ പരിണിതഫലമായ അനുഗ്രഹം സ്വാംശീകരിച്ച ഈവാനിയൻ തീർത്ഥാടനം ശോഭയേറിയ മാഹാത്മ്യം വെളിപ്പെടുത്തുന്നു.

### ആത്മദാരിദ്ര്യത്തെ ആശ്ലേഷിച്ച ഈവാനിയൻ ജീവിതം

ശിഷ്യത്വത്തിന്റെ സൗഭാഗ്യം, ദൈവരാജ്യപ്രാപ്തിയാണെങ്കിൽ, അതിന്റെ ആദ്യനിബന്ധന ആത്മ ദാരിദ്ര്യമെന്ന് ഗിരിപ്രഭാഷണം വ്യക്തമാക്കുന്നു. അനാവ് എന്ന ഹെബ്രായപദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്; അത് വേറിട്ട ഒരു ജീവിതാവസ്ഥയാണ് സൂചിപ്പിക്കുന്നത്. പ്ശീത്താ വ്യാഖ്യാന പ്രകാരം എളിമയുള്ളതും അഹംഭാവം ഇല്ലാത്തതുമായ ഒരു മാനസീകഭാവമാണത്. തിരുവചനത്തിലെ ആത്മദാരിദ്ര്യത്തെ സ്വന്തമാക്കിയ ജീവിതമായിരുന്നു ധന്യൻ മാർ ഈവാനിയോസിന്റേത്. അത് സ്വന്തം അസ്തിത്വത്തോടുള്ള സത്യസന്ധതയായിരുന്നു. ദൈവമാണ് യഥാർത്ഥ നിക്ഷേപമെന്ന് തിരിച്ചറിഞ്ഞ് അതിനെ ഓഹരിയും സമ്പത്തുമായി വന്ദ്യപിതാവ് സ്വീകരിച്ചു. തുരുമ്പും കീടങ്ങളും നശിപ്പിക്കാത്ത ആ നിക്ഷേപം ദൈവരാജ്യത്തിൽ അദ്ദേഹം സ്വന്തമാക്കി. ദൈവത്തിന് പ്രഥമവും പ്രധാനവുമായ സ്ഥാനം നൽകിക്കൊണ്ടാണ് ആത്മ ദാരിദ്ര്യത്തിന്റെ ആഴവും അർത്ഥവും വന്ദ്യതാതൻ കണ്ടെത്തിയത്. പിതാവിന്റെ ദൃഷ്ടികേന്ദ്രമായി ദൈവം മാറിയപ്പോൾ, ഭൗതീക സമ്പത്ത്, അധികാരം, പ്രശസ്തി, സുഖമോഹങ്ങൾ ഇത്യാദി ലൗകീക നേട്ടങ്ങൾ അപ്രസക്തങ്ങളായി മാറി.




ഈവാനിയൻ ആദ്ധ്യാത്മികതയുടെ അന്ത:സത്തയെന്നത് ആത്മദാരിദ്ര്യത്തിന്റെ അലങ്കാരമായിരുന്നു. താൻ സ്ഥാപിച്ച ബഥനിയിലൂടെ ആത്മദാരിദ്ര്യത്തെ ഒരു പ്രതിസംസ്ക്കാരമായി അവതരിപ്പിച്ചുകൊണ്ട് മലങ്കരയുടെ ആത്മീയ സമ്പത്തിനെ അദ്ദേഹം പരിപോഷിപ്പിച്ചു. ദൈവം സമ്പത്തായി മാറിയ ആ ധന്യജീവിതത്തിൽ, അഹംഭാവവും ഗർവ്വും സ്ഥാനം പിടിക്കാതെ എളിമയോടുകൂടി ദൈവരാജ്യം സ്വന്തമാക്കുവാൻ ആ വിശുദ്ധജീവിതം പരിശ്രമിച്ചു. ഒരു ശിശുവിനെപ്പോലെ, ദൈവരാജ്യം സ്വന്തമാക്കാൻ പിതാവ് പരിശ്രമിച്ചു; മാതാപിതാക്കളോടുള്ള ശിശുക്കളുടെ ആശ്രയത്വം, മാർ ഈവാനിയോസ് പിതാവിന്റെ ആത്മദാരിദ്ര്യാരൂപിയിൽ പ്രകടമായിരുന്നു. ശിശുവിനെപോലെ, സ്വയം ചെറുതായി, എളിമയുടെ മഹത്വം സ്വീകരിച്ചുകൊണ്ട് ദൈവപിതാവിനെ വന്ദ്യതാതൻ മഹത്വപ്പെടുത്തി.

### ആത്മരക്ഷയ്ക്കായുള്ള വിലാപ സങ്കീർത്തനം

ആശ്വാസമെന്ന അനുഗ്രഹഭാവത്തിന്റെ മുൻകൂർ അവസ്ഥയാണ് വിലാപം. ആത്മാവിന്റെ വ്യാകുലതയാണ് വിലാപം. സ്വയത്തിന്റെയും ലോകത്തിന്റെയും അപരാധങ്ങൾക്കുവേണ്ടിയുള്ള ആത്മാവിന്റെ ഗദ്ഗദമാണിത്. പേഷാ എന്ന ഹെബ്രായ പദം, പാപാവസ്ഥയെ സൂചിപ്പിക്കുമ്പോൾ, ആത്മാവിന്റെ ലക്ഷ്യസ്ഥാനത്തുനിന്നുള്ള വ്യതിയാനവും അത് ദ്യോതിപ്പിക്കുന്നു. വിലപിക്കുമ്പോൾ, ആത്മാവ് ലക്ഷ്യസ്ഥാനത്തേക്ക് തിരിച്ചുപോകുന്നുവെന്നാണ് പണ്ഡിതമതം. ആത്മാവിൽ എളിമയും അനുതാപവുമുള്ളവനെ കർത്താവ് കടാക്ഷിക്കുന്നു. ദൈവഹിതപ്രകാരമുള്ള ദു:ഖം രക്ഷാകരമായ പശ്ചാത്താപം ജനിപ്പിക്കുന്നുവെന്ന് പൗലോസ് ശ്ലീഹായും ഉദ്ബോധിപ്പിക്കുന്നു. മാർ ഈവാനിയോസിന്റെ സന്ന്യാസചൈതന്യം രക്ഷാകരമായ വിലാപത്തെ ഉൾക്കൊള്ളുന്നു. ഒനുവായോർ എന്ന സുറിയാനി പദം സന്ന്യാസിക്ക് ആരാധനാക്രമം നല്കുമ്പോൾ വിലാപത്തിന്റെ ആഘോഷമായിട്ടാണ് സന്ന്യാസത്തെ പ്രകീർത്തിക്കുന്നത്. ഈവാനിയൻ താപസവൃത്തി, ലോകത്തിന്റെയും സഭയുടെയും ആത്മീയ നവീകരണത്തിന് വേദിയൊരുക്കിയപ്പോൾ, വിലാപത്തിന്റെ പ്രസക്തി ആ ജീവിതം കൂടുതൽ സ്വാംശീകരിച്ചു. കാദാർ എന്ന ഹെബ്രായ പദം, വിലപിക്കുക എന്ന് അർത്ഥമാക്കുമ്പോൾ, വാച്യാർത്ഥം ഇരുട്ടായി തീരുക എന്നതാണ്. വിലാപത്തെ സൂചിതമാക്കുന്ന പൗരസ്ത്യ സന്ന്യാസത്തിന്റെ കറുപ്പ് നിറവും സംസ്ക്കാരവും മാർ ഈവാനിയോസ് പിതാവ് ഉൾക്കൊണ്ടു. ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ എന്ന് നെഞ്ചത്തടിച്ച് പ്രാർത്ഥിച്ചിരുന്ന വന്ദ്യപിതാവ്, രാത്രിയുടെ നീണ്ടയാമങ്ങളിൽ പോലും വിലാപ സങ്കീർത്തനം ആലപിക്കുകയായിരുന്നു. കണ്ണീരോടുകൂടിയ പിതാവിന്റെ ഹാർദ്ദ പ്രാർത്ഥനകൾ അതിനെ ദൃഷ്ടാന്തീകരിക്കുന്നു. ക്രിസ്തുഭാവമായ അപരന്റെ രക്ഷക്ക് ഈവാനിയൻ ആദ്ധ്യാത്മികതയിൽ പ്രാമുഖ്യം നല്കപ്പെട്ടു. ഹൂസോയോ -അനുതാപം- ചൈതന്യം ആ വിലാപകനിൽ അന്തർലീനമായിരുന്നു. ഉടമ്പടിയുടെ മക്കളുടെ അനന്യതയാർന്ന ഈ സന്ന്യാസചേതന, മാർ ഈവാനിയോസിന്റെ വിശുദ്ധ ജീവിതത്തിന്റെ അവിഭാജ്യ തത്ത്വമായി പരിലസിച്ചു. പരിത്യാഗത്തിന്റെയും ശുന്യവല്ക്കരണത്തിന്റെയും ചട്ടക്കൂടിൽ തീർത്ഥാടനം നടത്തികൊണ്ട് വിലാപകന് കല്പ്പിച്ച് നല്കിയ ആത്മീയ ആശ്വാസവും വന്ദ്യപിതാവ് സ്വായത്തമാക്കി.

### ശാന്തതയോടെ ജീവൽതുറമുഖത്തേക്ക് ഒരു യാത്ര

ഗിരിപ്രഭാഷണത്തിലെ, ത്രിദിയ പ്രമാണമാണ് ശാന്തത; അതിന്റെ സഫലീകരണം ഭൂമിയുടെ അവകാശവുമാണ്. ഇവിടെ ശാന്തശീലനും വിനിതഹൃദയനുമായവന്റെ അനുരൂപപ്പെടലിനുള്ള ആഹ്വാനമാണ്. അനാവ് എന്ന ഹെബ്രായപദം ദരിദ്രനും ശാന്തശീലനുമായ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. ശാന്തത, സ്വയം നിയന്ത്രണവും ദൈവതിരുമുമ്പാകെയുള്ള വിധേയത്വ സമർപ്പണവുമാണ്. ദൈവീക പ്രവർത്തനങ്ങൾക്ക് ശാന്തത അനിവാര്യമാണ്. ശാന്തശീലൻ ദുർബലനല്ല; പിന്നയോ ബലവാനാണ്. സമചിത്തനായി പ്രക്ഷുബ്ധതയുടെ പ്രതികൂലതകളെ നേരിടാൻ സാധിക്കുന്നത്, ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയത്വവും പ്രത്യാശയും വഴിയാണ്. അവന് ലഭ്യമാകുന്ന ഭൂമി, ഭൗമികതയുടെയല്ല; പിന്നയോ ജീവന്റെ തുറമുഖത്തുള്ള പുതിയ ആകാശവും ഭൂമിയുമാണ്. മാർ ഈവാനിയോസ് താതന്റെ ജീവിതം ശാന്തതയുടെ നന്മകളാൽ പൂരിതമായിരുന്നു. സങ്കീർണ്ണതകളും പ്രശ്നങ്ങളും സാരമായി തന്നെയും തന്റെ പ്രസ്ഥാനത്തെയും കീഴ്പ്പെടുത്താൻ പരിശ്രമിച്ചപ്പോഴും, വന്ദ്യതാതൻ പതറിയില്ല; കാരണം അത് ദൈവാശ്രയത്തിൽ വേരൂന്നിയ വൃക്ഷമായിരുന്നു. പാറമേൽ പണിത വീടുപോലെ, ശക്തമായിരുന്നു വന്ദ്യപിതാവിന്റെ മാനസീക ഭാവം. സ്വയം ശൂന്യവൽക്കരണത്തിൽ ദൈവത്തിന് പ്രാമുഖ്യം നല്കുന്നു; അപ്പോൾ ദൈവീക സ്വഭാവമായ ശാന്തത പുല്കുവാൻ സാധിക്കുന്നു. ദൈവോന്മുഖനായി ജീവിച്ചു കൊണ്ട് വിനീതദാസനായി, ദൈവശുശ്രൂഷ നടത്തുവാൻ പിതാവിന് സാധിച്ചു. കലുഷിതമായ സാഹചര്യങ്ങൾ സഭാസമൂഹത്തിൽ ഉടലെടുത്തപ്പോഴും യോഹന്നാനെപ്പോലെ ക്രിസ്തുവിന്റെ മാറിടത്തിൽ ചാരികിടക്കുവാൻ പിതാവിന് സാധിച്ചിട്ടുണ്ട്. സഹനം, ക്ഷമ, നന്മ എന്നീ സുകൃതങ്ങൾ പ്രകടമാക്കുവാൻ പിതാവിന് സാധിച്ചത് ശാന്തതയുടെ തികവിലായിരുന്നു. നിസ്സായിലെ വി.ഗ്രിഗോറിയോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ, തന്റെ ജീവിതത്തിലെ സഹന സുകൃതങ്ങളെ വന്ദ്യപിതാവ് സൗമ്യതയാൽ മനോഹരമാക്കി.

### നീതിമാനാകാനുള്ള വിളിയും പ്രത്യുത്തരവും

ശിഷ്യത്വസൗഭാഗ്യത്തിന്റെ മറ്റൊരു അനുഗ്രഹീതാവസ്ഥയാണ് നീതിമാൻ എന്ന സംജ്ഞ. ശിഷ്യന്റെ അനുധാവന പ്രക്രിയയിലെ അടിസ്ഥാന പരിഗണന എന്തായിരിക്കണമെന്ന്, വിശപ്പും ദാഹവും എന്ന പ്രയോഗത്തിലൂടെ ക്രിസ്തു അവതരിപ്പിക്കുന്നു. ശിഷ്യത്വജീവിതം, നീതിക്കുവേണ്ടിയുള്ള തീക്ഷ്ണതയുടെ മുന്നേറ്റമാണ്. അതിന്റെ വാഗ്ദാനം, സംതൃപ്തിയാണ്. യഹൂദ പശ്ചാത്തലത്തിൽ, നീതി, മോശയുടെ നിയമങ്ങളുടെ അനുഷ്ഠാനമായി വ്യാഖ്യാനിക്കുന്നുണ്ട്. ക്രിസ്തു, ദൈവമനസ്സിനോടുള്ള താദാത്മ്യപ്പെടലായി അതിന്റെ പുന:സമർപ്പണമാണ്. ദൈവഹിതത്തോടുള്ള പ്രത്യുത്തരമാണിവിടെ ചിന്തനീയമാകുന്നത്. ദൈവേഷ്ട പ്രകാരമുള്ള ഒരു ധാർമ്മീക ജീവിതമാണിത്. ക്രിസ്തുവിലുള്ള വിശ്വാസം വഴി അത് ലഭ്യമാകുന്നു. ക്രിസ്തുവിന്റെ ദൈവനീതിയുടെ പേര് കരുണയെന്നാണ്. 'സർവ്വനീതിയും പൂർത്തിയാക്കുക' എന്ന മ്ശിഹായുടെ വാക്കുകൾ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവപദ്ധതിയുടെ വിധേയപ്പെടലാണ്. മാർ ഈവാനിയോസിന്റെ ജീവിതം നീതിയുടെ സമർപ്പണമാണ്. ദൈവതിരുമനസ്സിനോടുള്ള താദാത്മ്യപ്പെടലായിരുന്നു ആ ജീവിതം. നല്ല കേൾവിക്കാരനായിക്കൊണ്ടും ദൈവപിതാവിന്റെ ഹിതം തിരിച്ചറിഞ്ഞുകൊണ്ടും ഐക്യത്തിന്റെ പ്രചാരകനാകാൻ വന്ദ്യപിതാവ് പരിശ്രമിച്ചു. രക്ഷയുടെ സുവിശേഷം മലങ്കരയുടെ മണ്ണിൽ രൂഢമൂലമാക്കുവാനാണ് ബഥനി പ്രസ്ഥാനത്തിലൂടെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലുടെയും പിതാവ് ദർശന സഫലീകരണം നല്കിയത്. ദൈവ സ്വരത്തിന്റെ ശ്രോതാവും പ്രയുക്താവുമായിത്തീർന്നു കൊണ്ട്, പ്രവാചകതുല്യമായ നീതിസാരം പിതാവ് പഠിപ്പിച്ചു. തന്റെ തീരുമാനങ്ങൾക്കും പുത്തൻ

www.malankaralibrary.com



കാൽവയ്പ്പുകൾക്കും മുമ്പേ, ദൈവഹിതം ആരായുവാൻ വന്ദ്യതാതൻ പരിശ്രമിച്ചു. സത്യത്തിനും നീതിക്കുംവേണ്ടിയുള്ള ആത്മീയ പോരാട്ടമായിരുന്നു ഈവാനിയൻ ജീവിതശൈലി. സന്ന്യാസത്തെ ബലിപീഠത്തിന്റെ കൊമ്പുകളോട് ബന്ധിച്ച ആ താപസഗുരു, ദൈവഹിതത്തിനു വേണ്ടി ബലിയായിത്തീരുവാൻ തന്റെ സഹപ്രവർത്തകരെ ആഹ്വാനം ചെയ്തു. നീതിക്കുവേണ്ടി രക്തസാക്ഷിത്വമകുടം പ്രാപിക്കുവാനുംസംതൃപ്തിയടയുവാനും വന്ദ്യപിതാവ് ഉദ്ബോധിപ്പിക്കുകയും പ്രവർത്തിപഥത്തിലാക്കുകയും ചെയ്തു.

**കരുണയുടെ നല്ല സമരിയാക്കാരനാകുവാൻ ഒരു സമർപ്പണം**

ക്രിസ്താനുകരുണത്തിന്റെ മുഖമുദ്രയാണ് കരുണ. കാരണമത്, ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ നേർപ്പകർപ്പാണ്. ദൈവത്തിലേക്കുള്ള ആത്മാവിന്റെ യാത്രയായിട്ടാണ് കരുണയെ പ്രകീർത്തിക്കുന്നത്. 'ഹമാൽ' എന്ന ഹെബ്രായ പദം കരുണയെ കുറിക്കുമ്പോൾ അനുകമ്പ, സ്നേഹം, പരിഗണന തുടങ്ങിയർത്ഥങ്ങളും അത് വ്യക്തമാക്കുന്നു. മാതൃഗർഭത്തിന്റെ സ്നേഹഭാവവും അത് സൂചിതമാക്കുന്നുണ്ട്. കരുണയുടെ നിറവിൽ ജീവന്റെ പരിപോഷണം സംഭവ്യമാകുന്നു; കാരുണികൻ ജീവന്റെ സംരക്ഷകനാണ്. ആത്മീയതയിൽ കരുത്താർജ്ജിച്ച വ്യക്തിക്കുമാത്രമേ സഹഅസ്തിത്വവും സഹവർത്തിത്വവും ഉൾക്കൊള്ളുവാൻ സാധിക്കൂ. ദൈവകരുണയുടെ സ്വാംശീകരണവും ആവിഷ്ക്കരണവും സംഭവ്യമായ ജീവിതമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റേത്. അതിർവരമ്പുകൾ കൽപ്പിച്ചിട്ടില്ലാത്ത വിശാലമായ ഒരു സ്നേഹസംസ്ക്കാരത്തിന്റെ വക്താവും പ്രചാരകനുമായിരുന്നു വന്ദ്യപിതാവ്. സമൂഹത്തിലെ പാവപ്പെട്ടവരോടും ദുർബലരോടും പക്ഷംപിടിച്ചുകൊണ്ട് അവർക്കുവേണ്ടി ആർദ്രതയുടെ നിരവധി പ്രയത്നങ്ങൾ വന്ദ്യതാതൻ നടത്തിയിട്ടുണ്ട്. അനൈക്യം സൃഷ്ടിച്ച മുറിവുകൾ ഒരു നല്ല സമരിയാക്കാരനെപ്പോലെ വച്ചുകെട്ടി സൗഖ്യമാക്കലിന്റെ ശുശ്രൂഷ പിതാവ് നിർവ്വഹിച്ചു. ചേസേത് എന്ന അരമായ പദം സൂചിതമാക്കുന്നതുപോലെ, വേദനിക്കുന്നവരോടൊപ്പം വേദനിക്കുന്ന ഒരു ഹൃദയം പിതാവ് സ്വന്തമാക്കിയിരുന്നു. അതിൽ നിന്നുണ്ടായ സഹനം, ആ സന്ന്യാസാചാര്യൻ സന്തോഷപൂർവ്വം സ്വീകരിച്ചു. തന്റെ സഹോദരബന്ധത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിൽ കരുണയുടെ ഭാവം പിതാവ് വ്യക്തമാക്കുന്നുണ്ട്. അവരുടെ ക്ലേശങ്ങളിൽ സഹായിക്കുന്നതും സേവിക്കുന്നതും മോക്ഷപ്രാപ്തിക്ക് കാരണമാകുന്നുവെന്ന് പിതാവ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. സ്വർത്ഥത കൂടാതെ അവരെ സ്നേഹിക്കുവാനും മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുവാനും പിതാവ് പരിശ്രമിച്ചത്, കരുണയുടെ ഭാവത്താലാണ്. മുണ്ടൻമലയിലെ അനാഥശാലയും വിജാതിയമിഷൻ മുന്നേറ്റവും സമൂഹത്തിലെ പിന്നോക്കവിഭാഗങ്ങൾക്കുവേണ്ടിയുള്ള ഉന്നമന ശ്രമവും ആ കരുണയുടെ ഭാവത്തിൽ നിന്നും ഉടലെടുത്തതാണ്. ഉപവിയുടെ നന്മകളാൽ കരുണയുടെ ദൃഷ്ടാന്തീകരണത്തിന് ആ ശിഷ്യത്വജീവിതം ഇടയാക്കി.

**ദൈവത്തെ കണ്ടുമുട്ടിയ ഹൃദയ വിശുദ്ധി**

ശിഷ്യത്വമുന്നേറ്റത്തിലെ മറ്റൊരു അന്തരീകഭാവമാണ് ഹൃദയവിശുദ്ധി. തെളിമയാർന്ന ജീവിതത്തിലാണ് ദൈവദർശനം സാധ്യമാകുന്നത്. ഹൃദയം ആത്മീയതയുടെ അൾത്താരയാകുമ്പോൾ വിശുദ്ധി അതിന്റെ അനിവാര്യമായ ചമയവും സൗന്ദര്യവുമാകുന്നു. 'കത്താറോസ്' എന്ന യവനപദം, കുറ്റമില്ലാത്തതും കളങ്കമേശാത്തതുമായ ജീവിതാവസ്ഥയെ സൂചിപ്പിക്കുന്നു. ഉലയിലെ അഗ്നിയും അലക്കുകാരന്റെ കാരവും ആലങ്കാരിക പ്രക്രിയകളായി പവിത്രീകരണ നടപടിയിൽ നിലനില്ക്കുന്നു. വെട്ടി ഒരുക്കപ്പെടുന്ന 'പ്രൂൺ' എന്ന അവസ്ഥ ഇവിടെ അന്തർലീനമാണ്. തിരുവചനപ്രകാരം ഹൃദയം, ചിന്തയുടെയും, വാക്കിന്റെയും, പ്രവൃത്തിയുടെയും ഉറവിടമാണ്; അത് വെട്ടിയൊരുക്കപ്പെടണം. ദിവ്യസംസ്സർഗ്ഗമാണ് ജീവിതപ്രമാണമെന്ന് പഠിപ്പിക്കുകയും ജീവിക്കുകയും ചെയ്ത വിശുദ്ധ സാക്ഷ്യമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റേത്. ലാസറിനെ പ്പോലെ ദൈവത്തെ ബഹുമാനിക്കുവാനും മറിയത്തെപ്പോലെ ദൈവത്തെ സ്നേഹിക്കുവാനും മാർത്തായെപ്പോലെ ദൈവത്തെ ശുശ്രൂഷിക്കുവാനും ഹൃദയവിശുദ്ധി അനിവാര്യമെന്ന് വന്ദ്യതാതൻ തിരിച്ചറിഞ്ഞിരുന്നു. സന്ന്യാസിയുടെ ശരീരം ദൈവത്തിന്റെ ആലയവും ഹൃദയം ദൈവീകസിംഹാസനവും മനസ്സ് ദൈവത്തിന്റെ എളിയ ശുശ്രൂഷകനും അവനോടുള്ള സ്നേഹം ദൈവീകമായ വിജയവുമെന്ന് പിതാവ് പഠിപ്പിച്ചപ്പോൾ ശുദ്ധതയാർന്ന ജീവിത വീക്ഷണമാണ് ഇവിടെ സൂചിതമാകുന്നത്. ഹൃദയം, മഹാരാജാവിന്റെ കൊട്ടാരമായി രൂപാന്തരം പ്രാപിക്കണമെന്ന് ഉദ്ബോധിപ്പിക്കുമ്പോഴും വിശുദ്ധിയുടെ ആഹ്വാനമാണ് പിതാവ് നല്കുന്നത്. ദൈവത്തോടുള്ള പിതാവിന്റെ പ്രാർത്ഥന ശ്രദ്ധേയമാണ്: അങ്ങേ തിരുമുഖത്തിന്റെ സൗന്ദര്യം കണ്ട് അടിയൻ പരവശനായി തീർന്നിരിക്കുന്നു. ക്രിസ്തുവിന്റെ സൗന്ദര്യ ശോഭയാൽ ഹൃദയത്തിന്റെ തെളിമ മാറിയിരിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തീകരണമാണീവാക്കുകൾ. തന്റെ ഹൃദയത്തിന് ദൈവത്തിന്റെ സ്നേഹസ്പർശനമാണ് ആവശ്യമായിരിക്കുന്നതെന്ന് പിതാവ് രേഖപ്പെടുത്തുമ്പോൾ, ഹൃദയത്തിന്റെ പവിത്രീകരണഭാവമാണ് തെളിവായിരിക്കുന്നത്. ജീവിക്കുന്ന ഇടമായ തൗന, നസ്രത്തിലെ ഭവനം, ബഥനി എന്ന ഭവനം, സെഹിയോൻ ശാല, പറുദീസാ, സ്വർഗ്ഗത്തിന്റെ പതിപ്പ് എന്നിവയാക്കി രൂപാന്തരപ്പെടുത്തണമെന്ന് പറയുമ്പോഴും ജീവിതത്തിൽ പ്രാപിക്കേണ്ടതായ വിശുദ്ധിയാണ് പിതാവ് ഉദ്ബോധിപ്പിക്കുന്നത്; അത്തരം ജീവിതത്തിൽ ദൈവീകദർശനവും സംഭവ്യമാകുന്നു.

**സമാധാനത്തിന്റെ പ്രവാചക ദൗത്യം**

ശിഷ്യത്വമുന്നേറ്റത്തിൽ പ്രാപിക്കേണ്ടതായ സംജ്ഞയാണ് ദൈവപുത്രൻ എന്ന വിശേഷണം; അതിന്റെ മാർഗ്ഗമായി നസ്രായൻ കൽപ്പിച്ചു തന്നിരിക്കുന്നത് സമാധാനത്തിന്റെ സ്ഥാപനമാണ്. ജീവിതത്തെ മനോഹരമാക്കുന്നത് നല്ല കൂടിക്കാഴ്ചകളും ബന്ധങ്ങളുമാണ്. ക്രിസ്തുവിന്റെ ജനനം മുതൽ ഉത്ഥാന രഹസ്യങ്ങൾ വരെയുള്ള അവതരണത്തിൽ പ്രമുഖ വിഷയമായി നിറഞ്ഞ് നിൽക്കുന്ന സന്ദേശമാണ് സമാധാനം. ദൈവശുശ്രൂഷകനായിത്തീർന്ന മൽക്കിസദേക്ക്, സമാധാനത്തിന്റെ നാട്ടിൽ നിന്നുമാണ് കടന്നു വരുന്നത്. ക്രിസ്തുശിഷ്യർ സമാധാന സ്ഥാപകരും വാഹകരുമായിരിക്കണമെന്ന് സുവിശേഷം പ്രഖ്യാപിക്കുന്നു. 'ശാലോം' എന്ന സമാധാനാശംസയിൽ ദൈവീക സാന്നിദ്ധ്യം, സമാധാനം, സമൃദ്ധി എന്നിവ ഉൾപ്പെട്ടിരിക്കുന്നു. അശാന്തിയുടെ കാർമേഘ അന്തരീക്ഷത്തിലാണ് മലങ്കരയുടെ സൂര്യതേജസ്സ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ രംഗപ്രവേശനം ചെയ്യുന്നത്. സമാധാനത്തിന്റെ സുവിശേഷ പ്രചരണവും സ്ഥാപനവുമായിരുന്നു തന്റെ ജീവിതമുന്നേറ്റങ്ങളിലെല്ലാം നിറഞ്ഞ് നിന്നിരുന്നത്. ഏവർക്കും നന്മയുണ്ടാകണം എന്നതായിരുന്നു ആ ജീവിത ദർശനം. സേവനം, സ്നേഹത്തിന്റെ പ്രതികരണമായിത്തീരണമെന്നും ചുറ്റുമുള്ളവർ സന്തുഷ്ടചിത്തരായി തീരുന്നതുമാണ് തന്റെ മോക്ഷപ്രാപ്തിയെന്ന് ഉദ്ബോധിപ്പിച്ചപ്പോഴും സമാധാനത്തിന്റെ സന്ദേശമായിരുന്നു ഈവാനിയൻ ജീവിതക്രമത്തിൽ നിറഞ്ഞ് നിന്നിരുന്നത്. സ്വാർത്ഥതകൂടാതെ സ്നേഹിക്കുമ്പോഴാണ് സമാധാനം നിലനിൽക്കുന്നതെന്ന തത്വം പിതാവിൽ ശക്തമായിരുന്നു. മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുന്നതാണ് ജീവിതലക്ഷ്യമെന്നു തിരിച്ചറിഞ്ഞതുവഴി സമാധാനത്തിന്റെ ദർശനമാണ് പിതാവ് പകർന്ന് നല്കിയിരുന്നത്. അയല്ക്കാരനോട് അസൂയപ്പെടുവാനോ മത്സരിക്കുവാനോ ഇടയാകരുതെന്നും ഞാൻ എനിക്ക് വേണ്ടി ദൈവത്തോട് ചോദിച്ചതെല്ലാം അപരർക്കും നല്കണമേയെന്നുമുള്ള വാക്കുകൾ ഒരു സമാധാനകാംക്ഷിയുടെ മനോഭാവമാണ് വെളിവാക്കുന്നത്. വചനത്താലോ പ്രവൃത്തിയാലോ ആരെയും മുറിപ്പെടുത്താതെയും ആരെക്കുറിച്ചും ദോഷം വിചാരിക്കാതെയും ജീവിക്കണമെന്ന് പറയുന്നതിലൂടെ പിതാവിന്റെ സഹവർത്തിത്വത്തിന്റെയും സഹഅസ്തിത്വത്തിന്റെയും നിറവാണ് ദൃശ്യമാകുന്നത്. സമാധാനത്തിന്റെ പ്രവാചകനായി പരിലസിച്ച ഈ സന്ന്യാസാചാര്യൻ ദൈവപുത്രനെന്ന വിശേഷണത്തിന് തികച്ചും യോഗ്യൻ തന്നെയാണ്.

**സ്വർഗ്ഗരാജ്യത്തിന്റെ പ്രവേശനമാർഗ്ഗമായി ഒരു രക്തസാക്ഷിത്വജീവിതം**

പീഢനം, ശിഷ്യത്വത്തിന്റെ ജീവിതാവസ്ഥയാണ്. സ്വർഗ്ഗരാജ്യപ്രാപ്തിക്ക് അത് അനിവാര്യവുമാണ്. പീഢനമെന്നത് ലോകവീക്ഷണമെങ്കിൽ ആത്മീയ ഭാഷ്യത്തിൽ അത് ദൈവരാജ്യത്തിന്റെ നേടിയെടുക്കലാണ്. അഷ്ടസൗഭാഗ്യങ്ങളിൽ ഒരു ധാർമ്മിക വിപ്ലവം അന്തർലീനമാണ്. പരിത്യാഗവും സ്വയം ശൂന്യവല്ക്കരണവും സംഭവ്യമാകുവാൻ ഒരു ആത്മീയ പോരാട്ടം അനിവാര്യമാണ്. ക്രിസ്തു വെളിപ്പെടുത്തുന്നത്, നഷ്ടമാക്കുന്നതുവഴിയാണ് മഹത്തരമായത് നേടിയെടുക്കുവാൻ സാധിക്കുന്നത് എന്നുമാണ്. സുവിശേഷ നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിലാണ് ക്രിസ്തു ശിഷ്യൻ; അതായത് ദൈവഹിതം ഭൂമിയിൽ നടപ്പിലാക്കുവാനുള്ള കുരിശുകളുടെ സ്വീകരണം. അപ്രകാരം ദൈവരാജ്യത്തിനും സുവിശേഷ നീതിക്കും വേണ്ടി പീഢനങ്ങൾ ഏറ്റ് വാങ്ങിയ ജീവിതമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റേത്. എടുത്ത തീരുമാനങ്ങളെ പ്രതിയും സ്വീകരിച്ച നടപടികളെ പ്രതിയും അപമാനം, അവഹേളനം, ജീവഭീഷണി, തള്ളിപ്പറച്ചിലുകൾ എന്നിവ ഏറ്റ് വാങ്ങിയ ക്രിസ്തു ശിഷ്യനായിരുന്നു വന്ദ്യപിതാവ്. വാഗ്ദാന ഭൂമി കടക്കുവാൻ ചെങ്കടലും മരുഭൂമിയും അനിവാര്യ സാഹചര്യങ്ങളായിരുന്നുവെന്ന് തിരിച്ചറിഞ്ഞ വന്ദ്യതാതൻ, തന്റെ പൂർവ്വപിതാക്കന്മാർ ആഗ്രഹിച്ച ഐക്യവും സമാധാനവും കരഗതമാക്കുവാൻ നേരിടേണ്ടിവന്ന പ്രതികൂലങ്ങളെ സധൈര്യം ഏറ്റ് വാങ്ങി. ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് തേജസ്ക്കരണത്തിന്റെ കൂടാരങ്ങളിൽ മാത്രം അന്തിയുറങ്ങാൻ സാധിക്കില്ല എന്ന് വന്ദ്യപിതാവ് മനസിലാക്കി; ക്രൂശുമരണത്തിന്റെ ഗാഗുൽത്തായാണ് എത്തിച്ചേരേണ്ടയിടമെന്ന് ദർശിച്ച ആ സന്ന്യാസാചാര്യൻ, ഒരു യാഗപ്പശുവിന്റെ ഹോമയാഗമായി ജീവിതത്തെ സമർപ്പിച്ചു. ത്യാഗമാണ് സഭയുടെ സത്തയെന്നും ക്രൂശിലാണ് മഹത്വം അന്വേഷിക്കേണ്ടതെന്നും തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ട് അനുദിന രക്തസാക്ഷിത്വത്തിന്റെ കാസായിൽ നിന്നും കുടിക്കുവാൻ ആഹ്വാനം ചെയ്തു. പാറപ്പുറത്തുവീണ വചനം, കരിഞ്ഞ് പോകുന്നത് ഞെരുക്കവും ഉപദ്രവവും ഏറ്റ് വാങ്ങുവാൻ പര്യാപ്തമായ വേരില്ലാത്തതുകൊണ്ടാണെന്ന് ധ്യാനം നടത്തിയ വന്ദ്യപിതാവ്, ശിഷ്യത്വത്തിന്റെ വേരുകൾ ക്രിസ്തുവിൽ ഉറപ്പിക്കുവാനും അപ്രകാരം പ്രതികൂലതകളെ നേരിടുവാനും ഉദ്ബോധിപ്പിച്ചു. രക്തസാക്ഷിത്വമെന്നാൽ, രക്ഷയ്ക്കുള്ള അടുത്ത ഒരുക്കമാണെന്ന ആദിമ സഭയുടെ ചൈതന്യം, സന്ന്യാസ മാർഗ്ഗത്തിലൂടെ അനുവർത്തിക്കുവാനും സ്വർഗ്ഗരാജ്യ പ്രാപ്തി നേടുവാനും പിതാവ് പരിശ്രമിച്ചു.

**ഉപസംഹാരം**

ഗിരിപ്രഭാഷണത്തിലെ അഷ്ടസൗഭാഗ്യങ്ങളിലൂടെയുള്ള ഒരു തീർത്ഥാടനമായിരുന്നു ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവിതം. യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ ധർമ്മവും കർമ്മവും തിരിച്ചറിഞ്ഞുകൊണ്ട് സ്വർഗ്ഗരാജ്യ പ്രാപ്തിയും ദൈവരാജ്യ നിക്ഷേപവും സ്വന്തമാക്കിയ ധന്യതയാർന്ന ജീവിതമായിരുന്നു അത്. ആത്മ ദാരിദ്ര്യത്താലും എളിമയാലും ദൈവത്തെ സ്വന്തമാക്കുവാൻ വന്ദ്യപിതാവ് പരിശ്രമിച്ചു. ആത്മരക്ഷക്കുവേണ്ടി വിലാപ സങ്കീർത്തനം ആലപിച്ച് ആശ്വാസം കണ്ടെത്തുവാൻ പിതാവിന് സാധിച്ചു. ദൈവീകസ്വഭാവത്തിൽ പങ്കെടുത്തുകൊണ്ട് സൗമ്യതയും ശാന്തതയും വന്ദ്യതാതൻ ഉൾക്കൊണ്ടു. നീതി ഒരു അഭിനിവേശമാക്കിക്കൊണ്ട് ദൈവഹിതത്തിന് മുൻഗണന പിതാവ് നല്കി. കരുണയുടെ മാതൃക കാട്ടിക്കൊണ്ട് ദൈവസ്നേഹത്തെ കാലികമായി അവതരിപ്പിച്ചു. ദൈവീക ഭാവമായ വിശുദ്ധി ഹൃദയത്തിൽ പ്രാപിച്ചുകൊണ്ട് ദൈവസമ്പാദനവും ദൈവീകകൂടികാഴ്ച്ചകളും പിതാവ് സ്വന്തമാക്കി. സ്വാർത്ഥതയെ അതിജീവിക്കുന്ന സഹോദര ബന്ധത്തിൽമാത്രമേ മാനുഷിക ബന്ധങ്ങളും സമാധാനവും സ്ഥാപിക്കാൻ സാധിക്കുകയുള്ളുവെന്ന് വന്ദ്യതാതൻ ഉദ്ബോധിപ്പിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ തുറക്കുവാൻ പീഢനം അനിവാര്യമെന്ന് കൽപിച്ചുകൊണ്ട് രക്തസാക്ഷിത്വത്തിന്റെ മനോഹാരിതയിൽ മാർ ഈവാനിയോസ് പിതാവ് ജീവിതത്തെ ശോഭിതമാക്കി. അഷ്ടസൗഭാഗ്യങ്ങളുടെ സഫലീകരണത്തിലൂടെ ആ ജീവിതം അനുഗ്രഹമായി തീർന്നു. തികച്ചും ധന്യമായൊരു നീതിമാന്റെ ജീവിതദർശനമാണ് ഈവാനിയൻ ചിന്തകൾ. ആ ധന്യന്റെ ഓർമ്മ ഏവർക്കും വാഴ്‌വിനായി തീരട്ടെ!

**സുവിശേഷ സന്ധ്യ**

**എല്ലാ ചൊവ്വാഴ്ചകളിലും**
**വൈകീട്ട് 7 മുതൽ 8.15 വരെ**

zoom
Meeting ID : 843 8415 227
Passcode : 861141

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയക്കാവുന്നതാണ്**

**മൂന്ന് വിധത്തിൽ തുക അടയ്ക്കാവുന്നതാണ്**

1. **ബാങ്ക് വഴി**
   **Suvishesha Sangam, Catholic Syrian Bank (CSB)**
   **Pattom Branch, Trivandrum**
   **A/C No : 0298-04112633-190001**
   **IFSC : CSBK0000298**
2. **UPI Payment ID: Suvisheshasangam.10006773@csbpay**
3. **UPIMobile number : 8281512877**

Scan and pay here
SUVISHESHA SANGAM
TRIVANDRUM
SUVISHESHASANGAM.10006773@csbpay

www.malankaralibrary.com





അനുഭവസാക്ഷ്യം

# “If God is all you have, you have all you need.”

**Aarthi Rejoice Francis**
*Mumbai Region, II Batch*

Over the years as I grew up I was taught that apart from your parents / grandparents/ siblings there is one super power always with you, to guide you and for the purpose why he has sent you to this earth. Though I was born to a Hindu family, my grandmother had instilled in my subconconcius mind that I have an energy with me and he will guide me in doing right and I just had to follow my instincts. Like every child I followed each day as it comes. I wasn't a spiritual person but I believed that everything that is happening in my life is driven. Even in my most difficult stages of education, he was a force. During 2004, when I was studying for my hotel management in Ooty, St.Stephen's church was the closest and I used to go and sit there for hours every Sunday. Now when I look back, I feel it was a divine intervention. Then happened to meet my husband who was born in a Christian faith. During our relationship he one day asked me if I would like to join a catechism class. It was only if I wished. Knowing how difficult it would be for me to leave my home every Sunday to attend it, I wished to join. It was then that I learned that it is this power, it is Jesus who guided me all throughout. I was inclined to learn more of him and by the grace of Lord, I was baptised in his name. Then on, I never looked back. Jesus then sent Rev. Fr. Vallikodath in my life where in he started taking a batch for sacraments and history of Malankara Catholic church. It only further opened my mind that our existence in this world is because of him. Our whole purpose is to spread love and make people believe in the love that he has for us. As I attended the first Suvisesha sangam class , it was like I had taken a vow that I am here for a reason and let me be the tool for God . Each and every class led me closer to God. Suvisesha sangam educated me that it's not the fear of him but the love I have for him and how much I want people near me to get positively inclined towards understanding, what is that is driving me. Apart from prayers, it taught me to accept the problems that come in my life and look it in a positive light and accordingly deal with the situation. Suvisesha sangam helped me battle times like being without job for two years yet believe that I am still in a better place, when my mother in law was diagnosed with cancer, it made me believe that she will come out of it because He helped us diagnose it in time, my husband had lost his job too at that time but during these trials Lord had ensured us to make us feel his presence in our lives. Suvisesha sangam has taught me to let my faith be bigger than my fears. During preparation for kaiveppu there was an energy which made me believe that It does not matter how long we are spending on the earth, how much money one has gathered or how much attention we has received. It is the amount of positive vibration we have radiated in life that matters. Now when I look back, my life was so well written by him. I now have this clear vision; my life's journey is a testament to his plan. I might be the chosen one but so are all the people who are born, because all are here because of him, its only for us to understand his purpose. Suvisesha sangam helps me to strive daily to honor Him and pray that all souls feel His presence, enriching our world. Suvisesha sangam, for me, is a path to self-purification and meaningful exi-stence. May our good Lord bless us all.



അനുഭവസാക്ഷ്യം

# CALL of GOD

**Binu Daniel Pattiyanikal**
**Dr. Preema Binu Pattiyanikal**
*Mumbai Region, II Batch*

Praise to Jesus and Glory to the Triune God,

Change is the only thing that is constant, it is inevitable and hence happens to all. We too experienced this change that our Merciful Father planned for us in his own time. We are Binu Daniel Pattiyanikal and Dr. Preema Binu Pattiyanikal, from Holy Family Malankara Syrian Catholic Church, Vikhroli, Mumbai, Eparchy of St. Ephrem Khadki-Pune.

The CALL of God, is something that can be easily missed in loud distractions that surrounds us. Even when its heard it is difficult to accept and to follow. Hence usually ignored. For us Suvisheshasangham was just another pious organization added in Malankara Catholic Church for the purpose of Evangelisation. For us Evangelisation, was always associated with an act of carrying Bible, going door to door and preaching The word of God and we could never picture ourselves doing it. Another reason was that, we feared that as Suvisesha sangham members we would be skeptically looked upon and our human failings would become the point of criticism in our parish. Hence we were uninclined to join the first batch when it was invested in Mumbai.


When the formation of the second batch was announced, by the grace of God we were encouraged by our family members and our Vicar to register for the second batch. We too wanted to experience what exactly Suvisesha sangham was and how does it function. We thought that even if we may not go out and preach the Bible, at least we will be able to read and learn the Bible well. The second batch sessions commenced in December 2019, going into the COVID year of 2020 till May 2024. The in depth sessions both online and offline during this long journey gave us a realisation that we are first called for self evangelisation and sanctification and then by the will of Almighty to spread the fragrance of The word of God to the world. We received Kaiveppu on 19th May 2024, after a prolonged and a befitting waiting.

We are professionals in the Edu-cational and Medical sectors respecti-vely. At the start of our journey as Suvisesha sangham members we had assumed that it will be very difficult for us to follow the practices prescribed by Suvisesha sangham, in our busy and hectic schedule. We thought we would not be able to profess God in the organizational circles that we worked. But after joining Suvisesha sangham, the biggest change that happened was the change in our mindset, that everything is possible with God Almighty and He can use anybody, any place or time to show us His Glory. The one and only requirement from our part is to trust in Him and allow him to work through us and we will be amazed at what He can do. As we slowly and steadily started our Suvisesha sangham journey, we followed the prescribed practices of reciting the Yama prathana, reading the Word of God, understanding the word through Lectio Divina, going for monthly confession, meaningfully participating in the Eucharistic celebration and Adoration, abstaining and fasting, and consciously focusing on self sanctification and finding opportunities for witnessing by our actions and if required by our words. Through prayers, we realized that we were CHOSEN by the Almighty for a specific purpose and that He wants us to be his instruments in this valley of tears. Our ways to look at life has changed and we are happy that we took the decision to be in Suvisesha sangham.

SS opened a door of hope for us, to receive the gift of eternal life in heaven. It has given us the inspiration and courage to testify our experiences of Christ. The Lord has promised, that He will not lose a single sheep which His Father has given Him. If we believe that we belong to His fold, Suvisesha sangham is truly a place, where we can work on our transformation. It is certainly a platform for everyone, to realise that we can be BORN AGAIN, in the Spirit. It is true that we are weak and it is certain that we will fall, but SS, will always make us vigilant to our failures.

Suvisesha sangham is one of the best ways to put oneself back on track and regain what we have lost in our spirit. It is not a waste of time, also certainly not to be taken for granted. Suvisesha sangham is a way of life and needs to be followed with sincere commitment to our Lord, with the hope and certainty that His will, would be perfected in us.

Mathew 16:26 says “What good will it be for someone to gain the whole world, yet forfeit their soul? Or what can anyone give in exchange for their soul?”. SS is a journey where we learn to gain our souls and forfeit the world. We invite you to be a part of this journey of salvation and come together to do what the Lord has asked us in Mathew 16:15 “Go into all the world and preach the gospel to all creation”, coz one day as St. Paul says in the letter to Philippians: 2:10" Every knee shall bow and every tongue confess”, that Jesus Christ is God….. GOD BLESS



അനുഭവസാക്ഷ്യം

# Called as a Family

**Dr Johny T Abraham**
**Mrs Diana Rose Sebastian**
**Mr Abraham T John**
**Ms Ann Mary John**
*Pune Region, II Batch*

Praise to Lord Jesus!

Our jobs had taken us away from native Kerala and we were working in two different states at the time of marriage. After marriage, God brought us together with a seemingly impossible transfer. Thereafter, it had been our desire and ardent prayer as husband and wife to live together, pray together and bring up our children in the ways of the Lord. This was especially relevant since both of us were holding jobs that entailed frequent transfer. It was nothing but the mercy of God that, though under constant risk, we could stay together for three decades, which is nothing short of a miracle to our colleagues.

So, when we were told about joining Suvisesha sangam, we viewed it as an opportunity to know better about our God, His word and the church. As my wife and I decided to join, we asked our children- son working and daughter studying in college- to join us so that we could all go through the process together. By God's grace, they agreed. So, we joined together and the training sessions lasted more than four years due to the pandemic and during this time, they also completed their studies.

Most Rev. Antony Mar Silvanos expounded the deep biblical truths in very simple words during the course. Every session was filled with revelatory knowledge and gave us profound understanding of our faith, which was new to us, but it is surely an interesting approach relevant to the modern times. Sr. Mary Prasad and Fr. Benedict Moozhikkara OIC from Suvisesha sangam and Fr. Varghese Valikkodath from Eparchy of St. Ephrem, Khadki also imparted training to us. The Suvisesha sangam classes covered a vast array of topics from Bible studies of Old and New Testaments, Lectio Divina, Church History etc and provided profound insights that helped us to understand and appreciate our faith further.

We wish to testify that since we joined as a family in Suvisesha sangham, it was a lot more easier to remain faithful to the Lord, lead a prayerful life and follow the directions of the church. It would be pertinent to mention that with the interest in the Word of Lord generated through Suvisesha sangam, during the time of pandemic, as a family we could devote time to learning bible through the ministry of Fr. Daniel Poovanathil, Mount Carmel Retreat Centre.

However, the storms of life have not eluded us and going through many challenges of life, we have realised that there is one and only one option - to draw closer to God, so that He can cover you under His wings. It has been a constant endeavour for us to bear our crosses on daily basis and submit to Jesus our Lord, as we approach His throne with confidence, through the grace of our Lord who has redeemed us with his passion, death and resurrection. We consider it nothing but the love and mercy of God and His infinite grace that enabled us to stay steadfast in faith and be in Suvisesha sangam as a family and also take an active part in MCA, MCMF, MCYM, Catechishm etc.

We, as a family wish to bear witness to the Lord in our life and pray that God gives us opportunities to further his Kingdom on earth and we seek your prayers to stand in faith to work for the Lord as a family.

www.malankaralibrary.com





അനുഭവസാക്ഷ്യം

# ദൈവത്തിന്റെ തിരഞ്ഞെടുപ്പ്

**എൽസി സ്റ്റീഫൻ**

*പൂനെ റീജിയൺ, സുവിശേഷസംഘാംഗം, 2-ാം ബാച്ച്*

"ജനതകളുടെ ഇടയിലേക്ക് നോക്കി വിസ്മയഭരിതരാകുവിൻ, പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു" (ഹബകുക്ക് 1:5).

ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ. സുവിശേഷസംഘത്തിൽ ചേരണവെന്നു നേരത്തെമുതൽ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്റെ ചേച്ചിമാരും ചേട്ടനും സുവിശേഷസംഘത്തിലുണ്ട്. എന്നെന്നും ഇതിലേക്ക് കരം പിടിച്ചുയർത്തിയ ദൈവത്തിന് ആദ്യമേ നന്ദി പറയുന്നു. സുവിശേഷസംഘത്തിൽ ചേർന്നതോടുകൂടി എനിക്ക് ആത്മീയമായി ഒത്തിരി വളരുവാൻ സാധിച്ചു. യാമപ്രാർത്ഥനകളും ബൈബിൾ വായനയും നേരത്തേതിൽ കൂടുതൽ തീഷ്ണമായി നടത്തുവാൻ എനിക്ക് സാധിക്കുന്നു. നോമ്പ്, ഉപവാസം, വർജ്ജന കഴിവതും മുടക്കം കൂടാതെ ചെയ്യുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. വി. കുമ്പസാരത്തിന്റെ പ്രാധാന്യവും വി. കുർബാനയിൽ പൂർണ്ണ ഹൃദയത്തോടെ, പ്രഭാത പ്രാർത്ഥന മുതൽ പങ്കെടുക്കുവാൻ സാധിക്കുന്നു. കൊറോണയുടെ സമയത്താണ് ഞങ്ങളുടെ ക്ലാസുകൾ ആരംഭിച്ചിരുന്നതെങ്കിലും ഓൺലൈൻ ക്ലാസിൽ മുടക്കം കൂടാതെ പങ്കെടുക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ ക്ലാസുകളും ആസ്വാദനവും അറിവും നിറഞ്ഞതായിരുന്നു. ക്ലാസ് എടുത്തിരുന്ന ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ആത്മീയമായ സ്നേഹവും കരുതലും മറക്കാനാവുന്നില്ല. നമുക്കു മനസ്സിലാകുന്ന രീതിയിൽ സരളവും, ഫലിതപൂർണ്ണവുമായ ക്ലാസുകൾ എടുത്ത അഭിവന്ദ്യ സിൽവാനോസ് പിതാവിനെ നന്ദിയോടെ ഓർക്കുന്നു. മറ്റുള്ളവരിൽ നിന്നും എത്ര വേദനിപ്പിക്കുന്ന അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടും അവരോടെല്ലാം ക്ഷമിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കിട്ടിയ കൃപ സുവിസേഷസംഘത്തിൽ വന്നതിൽ പിന്നെയാണ്. ബുദ്ധിമുട്ടനുഭവിക്കുന്നവരോട് ആശ്വാസ വചനങ്ങൾ പറഞ്ഞുകൊടുക്കുവാനും കഴിയുന്ന വിധത്തിലെല്ലാം അവരെ സഹായിക്കുവാനും ഞാൻ ഇപ്പോൾ പ്രത്യേകം ശ്രദ്ധീക്കുന്നു. എന്റെ ജീവിതത്തിൽ ഏതുപ്രതികൂല സാഹചര്യങ്ങൾ ഉണ്ടാകുമ്പോഴുവം ദൈവം എന്റെ കൂടെ ഉണ്ടെന്ന ബോധ്യം എനിക്കുണ്ടായിരുന്നു. ജീവിതപങ്കാളി ആത്മീയമായി ഏത് കാര്യത്തിലും എനിക്ക് പിൻതുണ ആയിരുന്നു. അതേപോലെ എന്റെ രോഗസൗഖ്യം എടുത്തു പറയേണ്ടതാണ്. യൂട്രസ് സംബന്ധമായ എന്റെ രോഗം വളരെ നാളുകളായി ഞാൻ അനുഭവിക്കുകയായിരുന്നു. എന്റെ ഭയം കാരണം ട്രീറ്റ്മെന്റ് എടുക്കാൻ മടിച്ചിരുന്നു. അതിന്റെ ബുദ്ധിമുട്ടുകാരണം കൈവയ്പ്പിന്റെ സമയത്ത് തടസ്സം ഉണ്ടാകുമോ എന്ന് ഞാൻ ഭയന്നിരുന്നു. പക്ഷേ ദൈവം അതിൽ ഇടപെട്ട് ഓപ്പറേഷൻ തടസമൊന്നും ഇല്ലാതെ അത്ഭുതകരമായി നടക്കുകയും ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തപ്പോൾ മുതൽ വീട്ടിൽ വരുന്നതുവരെ എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ കരസ്പർശം ഞാൻ അനുഭവിച്ചു. എല്ലാവരുടെയും പ്രാർത്ഥനയും സഹായവും എനിക്കു ബലം നൽകിയിരുന്നു. ബയോപ്സിയുടെ റിസൽട്ട് വരുന്നതുവരെ എല്ലാവർക്കും ഭയമായിരുന്നു. അതിലും ദൈവം അത്ഭുതകരമായി ഇടപെട്ട് നെഗറ്റീവായി. ഇതെല്ലാം സുവിശേഷസംഘത്തിൽ വന്നതിൽ പിന്നെ കിട്ടിയ ധൈര്യവും ദൈവത്തിന്റെ കൃപയുമാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ ഈ സാക്ഷ്യം എഴുതുവാൻ എനിക്ക് ലഭിച്ച അവസരത്തിന് ഞാൻ നന്ദി പറയുന്നു. 2024 മെയ് 18-ന് ബഹുമാനപ്പെട്ട പിതാക്കന്മാരുടെയും വൈദികരുടെയും കാർമ്മികത്വത്തിൽ ഒരു തടസ്സവും കൂടാതെ കൈവയ്പ്പ് സ്വീകരിക്കുവാൻ എനിക്ക് സാധിച്ചു. അതിനുള്ള നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ സഹായിച്ച ബഹുമാനപ്പെട്ട ബനഡിക്ട് അച്ചനെയും പ്രിയ മേരി പ്രസാദ് സിസ്റ്ററിനെയും നന്ദിയോടെ ഞാൻ ഓർക്കുന്നു. നിങ്ങളെന്നെ തിരഞ്ഞെടുക്കുകയല്ല എന്നാൽ ഞാനാണ് നിങ്ങളെ തിരഞ്ഞെടുത്ത് എന്ന കർത്താവിന്റെ വചനമനുസരിച്ച് ജീവിക്കുവാൻ എല്ലാ സുവിസേഷസംഘാംഗങ്ങൾക്കും ഇടവരട്ടെ എന്നു പ്രാർത്ഥിക്കുന്നു.



അനുഭവസാക്ഷ്യം

# സുവിശേഷമാകാനുള്ള കൃപ

**മേരി ടവേഴ്സ്**

*മൂവാറ്റുപുഴ ഭദ്രാസനം 2-ാം ബാച്ച്*

'കർത്താവിന് നന്ദി പറയുവീൻ: അവിടുന്ന് നല്ലവനാണ്: അവിടുത്തെ കാരുണ്യം അനന്തമാണ്' (സങ്കീ. 136/1).

ദൈവവചനത്തിന്റെയും ആത്മീയ ജീവിതത്തിന്റെയും ആഴവും ഉയരവും വീതിയും നീളവും മനസ്സിലാക്കുവാൻ ദൈവം തന്ന ഒരു അവസരമാണ് സുവിശേഷ സംഘത്തിൽ ചേർന്ന് പരിശീലനം നേടുവാൻ ലഭിച്ച കാലഘട്ടം. എനിക്ക് വളരെ ചെറുപ്പത്തിൽ തന്നെ ദൈവവചനത്തോടും ആത്മീയ ജീവിതത്തോടും വളരെ ആഭിമുഖ്യവും താല്പര്യവും ഞാൻ പ്രകടിപ്പിച്ചിരുന്നു. പ്രാർത്ഥനാ യോഗങ്ങളിലും പ്രത്യേക പ്രാർത്ഥന കൂട്ടായ്മകളിലും വാചിക പ്രാർത്ഥന നടത്തുവാൻ ദൈവാത്മാവ് എനിക്ക് പ്രത്യേകമായ അഭിഷേകം നൽകുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്.

സുവിശേഷസംഘത്തിൽ ചേർന്ന് ദീർഘമായ ഒരു കാലയളവിൽ പരിശീലനത്തിലൂടെ കടന്നുപോകുവാൻ കഴിഞ്ഞത് വലിയ ഒരു കൃപയായി ഞാൻ കരുതുന്നു. 13.12.2019 ലാണ്. പീച്ചി ദർശനയിൽ നടത്തിയ ക്ലാസിൽ ഞാൻ ആദ്യമായി പങ്കെടുത്തത്. എറണാകുളം ഇടവക അംഗമായ ഞാൻ പീച്ചിയിൽ വന്ന് ക്ലാസ്സിൽ സംബന്ധിക്കുവാനുള്ള മാർഗനിർദ്ദേശം എനിക്ക് ലഭിച്ചത് അന്നത്തെ എൻറെ വികാരി ചെറിയാൻ ചെന്നിക്കരയച്ചനിൽ നിന്നും ആണ്. പീച്ചി എന്ന സ്ഥലം എവിടെയാണെന്ന് പോലും അറിയാത്ത എനിക്ക് ബഹുമാനപ്പെട്ട അച്ചൻ വഴികൾ പറഞ്ഞു തന്നു. ബഹുമാനപ്പെട്ട ചെന്നിക്കര അച്ചന് ഹൃദയത്തിന്റെ ഭാഷയിൽ പ്രത്യേകം നന്ദി. എന്നാൽ അധികം കഴിയുന്നതിനു മുമ്പ് കോവിഡ് എന്ന മഹാമാരി നമ്മെ കീഴ്പ്പെടുത്തിയപ്പോൾ ക്ലാസുകൾ ഓൺലൈനിലെക്കു മാറേണ്ടിവന്നു. മുടക്കം കൂടാതെ തന്നെ ക്ലാസുകൾ ഓൺലൈനിൽ പുരോഗമിച്ചു. വിവിധ ക്ലാസുകളിൽ നിന്നും ലഭിച്ച അറിവും ദൈവീക പ്രേരണകളും എന്റെ യാമ പ്രാർത്ഥനകൾ, വിശുദ്ധ കൂദാശ അനുഷ്ഠാനങ്ങൾ, പ്രത്യേകിച്ചും വിശുദ്ധ കുർബാനയിലുള്ള സജീവമായ പങ്കാളിത്തം എന്നിവയ്ക്ക് കൂടുതൽ അർത്ഥം കണ്ടെത്തുവാൻ എന്നെ സഹായിച്ചു.

വിശുദ്ധ വേദപുസ്തകത്തിലുള്ള അറിവും എന്റെ ബോധ്യങ്ങളും എന്റെ തന്നെ വിശുദ്ധിക്കും മറ്റുള്ളവരിലേക്ക് പ്രത്യേകിച്ചും ഞാൻ പഠിപ്പിക്കുന്ന സ്കൂളിലെ സഹപ്രവർത്തകർ രക്ഷിതാക്കൾ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എന്നിവരിലേക്കും എന്റെ ആത്മീയമായ ബോധ്യങ്ങൾ പങ്കുവയ്ക്കുവാൻ ദൈവം എനിക്ക് കൃപ തരുന്നു സുവിശേഷസംഘാംഗമായത് മൂലം മറ്റുള്ളവർക്ക് ആത്മീയമായ പ്രചോദനം നൽകുവാൻ എനിക്ക് കഴിയുന്നു എന്നുള്ളത് ഒത്തിരി സന്തോഷവും ചാരിതാർത്ഥ്യവും നൽകുന്നു. സുവിശേഷം ആകാനും സുവിശേഷം ഏകാനും ദൈവം എനിക്ക് കൃപ തരണമേ എന്നുള്ളതാണ് എന്റെ പ്രാർത്ഥന. ഈ പരിശീലനത്തിൽ കൂടെയുള്ളവരുടെ പങ്കാളിത്തവും അവരുടെ സഹവർത്തിത്വവും എന്റെ സ്വഭാവ സവിശേഷതകളെ കൂടുതൽ സംസ്കരിക്കുവാൻ എന്നെ സഹായിച്ചിട്ടുണ്ട്.

എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഒരു സുവിശേഷ സംഘ അംഗമായിമായി തീർന്നതിനുശേഷം ഒട്ടേറെ നന്മകൾ എനിക്ക് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ സ്കൂളിലേക്കുള്ള യാത്രാമധ്യേ. സ്ഥിരം യാത്ര ചെയ്യുന്ന ഏതാനും സ്ത്രീകൾ എന്റെ അടുത്ത് ഇരുന്ന് യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്ന കാര്യം എന്നോട് അവർ പങ്കുവച്ചിട്ടുണ്ട്. അവരുമായിട്ടുള്ള സംഭാഷണത്തിൽ ഞാൻ അവരുമായി വചനം പങ്കുവയ്ക്കുന്നത് വഴി ആത്മീയമായ ഒരു പ്രചോദനം അവർക്ക് ലഭിക്കുന്നു എന്ന് അവർ പറയാറുണ്ട്. ചെറുപ്പകാലം മുതൽ വചനം കേൾക്കുകയും വായിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സുവിശേഷ സംഘത്തിൽ ചേർന്ന് പരിശീലനം നേടിയപ്പോഴാണ് എനിക്ക് യഥാർത്ഥത്തിൽ വചനത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാകുവാൻ തുടങ്ങിയത്. 27 പേരാണ് പരിശീലനം ആരംഭിച്ചത്. എന്നാൽ പരിശീലനം പൂർത്തിയായപ്പോൾ 16 പേർ മാത്രമായി. 2024 മാർച്ച് 3-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ തൃക്കയ്യാൽ കൈവെപ്പ് നൽകപ്പെട്ടു. സുവിശേഷ സംഘ പരിശീലന യാത്രയിൽ പ്രോത്സാഹിപ്പിച്ച സ്വന്തം ജീവിത അനുഭവങ്ങളിലൂടെ വളരെ സരസമായി വിശുദ്ധ വചനത്തെയും ആത്മീയതയെയും സഭയുടെ പ്രബോധനങ്ങളെയും കുറിച്ച് അഴമായി എല്ലാം പറഞ്ഞു തന്ന, പഠിപ്പിച്ച അഭിവന്ദ്യ സിൽവാനോസ് പിതാവിനോടുള്ള നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കുവാൻ വാക്കുകൾ പരിമിതമാണ്. എങ്കിലും ഹൃദയത്തിൻറെ ഭാഷയിൽ ഒരായിരം നന്ദി...........! പരിശീലന കാലഘട്ടത്തിൽ ആരംഭം മുതൽ ക്ലാസുകൾ നയിച്ച, ബഹുമാനപ്പെട്ട അച്ചൻമാരെയും വളരെ നല്ല വിജ്ഞാനപ്രദമായ ക്ലാസുകളിലൂടെ ഞങ്ങളെ നയിച്ച സിസ്റ്റേഴ്സ് എന്നിവരെ പ്രത്യേകം ഓർക്കുന്നു ഇത്തരണത്തിൽ നന്ദി അർപ്പിക്കുന്നു. യേശുവിനു വേണ്ടി എന്റെ ശിഷ്യജീവിതം. ഞാൻ സമർപ്പിക്കുന്നു.

---

*( ...... 5-ാം പേജിൽ നിന്നും തുടർച്ച)*

കമ്പിന്റെ ഉയരത്തിൽ ഈറകൾ അടുപ്പിച്ച് കെട്ടി ഗേറ്റ് ഇട്ടിരിക്കുന്ന വീട്. വിളിച്ചപ്പോൾ ഒരു യുവതി വന്നു. മെന്റൽ ട്രബിൾ കാരണം വീട്ടുകാർ പൂട്ടിയിട്ടിരിക്കുന്നു. ജോസഫ് സാറും ജോൺ സാറും ജെയിംസ് അങ്കിളും ചേർന്ന് ഗേറ്റിനിടയിലൂടെ തലയിൽ തൊട്ട് പ്രാർത്ഥിച്ചു. ജപമാല കഴുത്തിൽ ധരിപ്പിച്ചു. ജപമാല മാറ്ററുതെന്ന് നിർദ്ദേശം നൽകി. യേശുവേണ്ടി കോവിൽ വേണമെന്ന് ആഗ്രഹമുള്ളവരാണീ പ്രദേശത്തെ ജനങ്ങൾ. ഇരുളുകാലത്തിയുടെ മറ്റൊരു പേരാണ് മാറഗള്ളി. ഇവിടെ ഹോസ്റ്റലിൽ നിന്ന് വിദ്യാഭ്യാസം നടത്താൻ പോയ കുട്ടികളെ കണ്ടു. 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന മിടുക്കരായ കുട്ടികൾ. ഹൃദയത്തിന് അസുഖമായ ഒരു കുഞ്ഞിനെ കണ്ടു. ശരണ്യ. അവൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. തിരുവല്ല രൂപത നൽകിയ തയ്യൽ മെഷീൻ പുറകെ തരുമെന്ന് പറഞ്ഞു. അച്ചൻ ഞങ്ങൾ ഓരോരുത്തരെയും പരിചയപ്പെടുത്തി. ഓരോ വീട്ടിലും 2 പേർ വീതം കടന്നുചെന്ന് പ്രാർത്ഥിച്ചു. വളരെ പ്രത്യാശയോടുള്ള ജനം പള്ളി ആഗ്രഹിക്കുന്ന ജനങ്ങൾ. വത്സമ്മ ആന്റി കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും വയറിനു പ്രശ്നമുള്ള കുട്ടിയെ പരിശോധിക്കുകയും ചെയ്തു.

കൊച്ചുവാടിയിലാണ് ആദ്യമായി B.Com degree യും ബാങ്കിൽ ജോലിയുമുള്ള യുവാവിനെ കാണുന്നത്. സ്കൂളും വൃത്തിയും ഉള്ള സ്ഥലം പെന്തിക്കോസ്ത് പള്ളി കണ്ടു. പക്ഷേ പ്രാർത്ഥനകൾ ആരംഭിച്ചിട്ടില്ല. യേശുവിനെ കേൾക്കാനും പ്രാർത്ഥിക്കാനും ഉത്സുകരായ ജനങ്ങൾ കോവിൽ പണിതാൽ യേശുവേ എപ്പോഴും കണ്ട് പ്രാർത്ഥിക്കാം. ആണ്ടവരുടെ ആണ്ടവൻ കടവുൾ യേശു എന്ന ജനങ്ങളുടെ വിശ്വാസം അതിശയകരമായിരുന്നു.

02-04-2024 മുതൽ 10-04-2024 വരെ ദൈവത്തിന്റെ സ്വന്തം മക്കളോടൊപ്പം കഴിഞ്ഞ 9 ദിനങ്ങൾ ജീവിതത്തിൽ ഞങ്ങൾക്ക് ഓരോരുത്തർക്കും മറക്കാനാവാത്ത അനുഭവങ്ങൾ തന്ന തേൻകനിക്കോട്ടൈ മിഷൻ ഒരു വിശുദ്ധനാട്ടിൽ പോയിവന്ന അനുഭൂതി. പ്രത്യേക അഭിഷേകം ലഭിച്ച് സ്വയം വിശുദ്ധീകരണത്തിലൂടെ ജീവിതം മുന്നോട്ടുപോയ ദിവസങ്ങൾ. ജീവിതം എന്താണെന്ന് പച്ച മനുഷ്യരിലൂടെ തിരിച്ചറിഞ്ഞ നാളുകൾ. 13 വില്ലേജിലെയും എല്ലാ ഭവനങ്ങളിലും പ്രാർത്ഥിക്കാൻ സാധിച്ചത് അവരുടെ സ്നേഹം അനുഭവിച്ചറിയാൻ സാധിച്ചത് അവർക്ക് ഭക്ഷണം ഉണ്ടാക്കി നൽകാൻ സാധിച്ചത് അവർ തന്ന മധുരപലഹാരം കഴിക്കാൻ സാധിച്ചത്, എല്ലാത്തിനും ഉപരി ദൈവപരിപാലന അറിഞ്ഞ നാളുകൾ. ഇതുപോലുള്ള മിഷനുകൾ നമ്മിൽ തീക്ഷണത വളർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ആ തീക്കാറ്റ് നമുക്ക് ആളിപടർത്താം. വിശ്വാസം ജ്വലിക്കട്ടെ. മിഷനുകൾ ഉണരട്ടെ.

www.malankaralibrary.com





വൈദികരുടെ ഓൺഗോയിങ്ങ് ഫോർമേഷനിൽവെച്ച് നടത്തപ്പെട്ട ലക്സിയോ ദിവീനാ

പെരിയ. ബഹു. ഷാജി വാഴയിൽ സുവിശേഷസംഘം ഡയറക്ടർ ബഹു. ഫാ. മാത്യു താഴത്തോട്ടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

### പുതിയ നിയമനങ്ങൾ

ബത്തേരി, മാവേലിക്കര, കട്ഖി-പൂനാ, എന്നീ ഭദ്രാസനങ്ങളിലെ സുവിശേഷസംഘത്തിന്റെ ഡയറക്ടർമാരായി ബഹു. ഫാ. മാത്യു ചാപ്പ്രത്ത്, ബഹു. ഫാ.വർഗ്ഗീസ് നെടിയവിള, ബഹു. ഫാ. മാത്യു താഴത്തോട്ടത്തിൽ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ഫാ. ഡാനിയേൽ പൂവണ്ണത്തിൽ എന്നിവർ നിയമിതരായി.

### സുവിശേഷ സംഗമം

കൈവയ്പ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളുടെ സംഗമങ്ങൾ തിരുവനന്തപുരം മേജർ അതിരൂപതയിൽ അഞ്ചു വൈദിക ജില്ലകളിലെ സൂവിശേഷസംഗമം മാർച്ച് 8 ശനിയാഴ്ച ആയൂർ ദൈവാലയത്തിലും മറ്റ് നാല് ജില്ലകളിലെ സൂവിശേഷസംഗമം മണ്ണന്ത ദൈവലയത്തിൽ വച്ചും നടത്തി. പൂനാ റീജൺ, മുംബൈ റീജൺ എന്നിവിടങ്ങളിലെ സൂവിശേഷസംഗമം യഥാക്രമം മെയ് 18, 19 എന്നീ തിയതികളിൽ നടന്നു.

### ബൈബിൾ കൺവൻഷൻ

മാവേലിക്കര ഭദ്രാസനം, കൊല്ലം വൈദിക ജില്ലാ കൺവൻഷൻ സുവിശേഷ സംഘം സഭാതല സമിതിയുടെ നേതൃത്വത്തിൽ മാർച്ച് 14 മുതൽ 20 വരെ മരുതമൺ പള്ളി മാർ ബസേലിയോസ് സ്ക്കുൾ ഗ്രൗണ്ടിൽ വച്ചു നടന്നു.




### വൈദീക ജില്ലാ വൈദീക സമ്മേളനങ്ങൾ

വൈദികജില്ലകളിൽ സുവിശേഷ സംഘം രുപികരിക്കുന്നതിന് മുന്നോടിയായി ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ്, ബഹു. ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി., ബഹു. സി. ഡോ. മേരി പ്രസാദ് ഡി.എം എന്നിവരുടെ നേതൃത്വത്തിൽ മാവേലിക്കര കടമ്പനാട് വൈദിജീല്ലയിൽ ജനുവരി 25 നും, മാർത്താണ്ഡം ഭദ്രാസനം കളിയിക്കാവിള വൈദിക ജില്ലയിൽ നടൈക്കാവിൽ വച്ച് ജനുവരി 18നും, പത്തനതിട്ടയിലെ വിവിധ വൈദിജില്ലകളും വൈദീകരുടെ സമ്മേളനങ്ങൾ നടത്തി.


### സുവിശേഷസംഘ രൂപീകരണം

പത്തനംതിട്ട ഭദ്രാസനത്തിലെ നാലാം ബാച്ചിന്റെ പിരിശീലനം ജൂൺ 8-10 ഓമല്ലുർ പാസ്റ്ററൽ സെന്ററിൽ വച്ച് ആരംഭിച്ചു.

മാവേലിക്കര ഭദ്രാസനം മാവേലിക്കര, കടമ്പനാട്, കറ്റാനം വൈദിജീല്ലകളിലെ സുവിശേഷസംഘം രുപികരണം മെയ് 11-12, തിയതികളിൽ ആരംഭിച്ചു. മാർത്താണ്ഡം ഭദ്രാസനം കളിയിക്കാവിള വൈദിക ജില്ലയിൽ മെയ് 25-26 നും ആരംഭിച്ചു. 2022 മുതൽ ആരംഭിച്ച 15 വൈദീകജില്ലകൾ കേന്ദ്രമാക്കി ആരംഭിച്ച പരിശീലനങ്ങൾ തുടരുന്നു.

### സുവിശേഷസംഘ ശുശ്രൂഷകൾ

ഭദ്രാസനം, വൈദീകജില്ല, ഇടവക തുടങ്ങിയവ കേന്ദ്രീകരിച്ച് സുവിശേഷ സംഘകൂട്ടായ്മകൾ ഭവനസന്ദർശനം, ഹോസ്പിറ്റൽ മിനിസ്ട്രി, രോഗീസന്ദർശനം, ഇടവക ശുശ്രൂഷകൾ, മിഷൻ പ്രവർത്തനം, വചനപ്രഘോഷണം, ലക്സിയോ ദിവീനാ മിനിസ്ട്രി, മാർ ഇവാനിയോസ് കബർ മിനിസ്ട്രി മറ്റ് വിവിധ ശുശ്രൂഷകൾ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടത്തി വരുന്നു.




ഓൺലൈൻ പ്രീച്ചിങ്ങ് മിനിസ്ട്രി പരിശീലനം




1. **വിശ്വാസം ജീവിക്കുന്നതിനെപ്പറ്റി :** "ക്രിസ്ത്യാനി ആണെന്ന് പറഞ്ഞിട്ട് കാര്യമില്ല. വിശ്വാസം ജീവിക്കണം, വാക്കുകളിലൂടെ നമ്മുടെ പ്രവർത്തികളിലൂടെ".
2. **യേശുവിനോട് താദാത്മ്യപ്പെടുന്നതിനെപ്പറ്റി :** "നമ്മുടെ ജീവിതത്തിന്റെ മാതൃകയായ യേശുവിനോട് താദാത്മ്യപ്പെടുക എന്നതാണ് ക്രിസ്ത്യാനികളായ നമ്മുടെ ദൗത്യം".
3. **ലോകത്തെ പരിവർത്തനപ്പെടുത്തുന്നതിനെപ്പറ്റി :** "ലോകത്തെ പരിവർത്തനപ്പെടുത്താൻ തിരിച്ച് ഒന്നും ചെയ്യാൻ കഴിവില്ലാത്തവർക്ക് നന്മ ചെയ്യണം".
4. **കരുണകാണിക്കുന്നതിനെപ്പറ്റി :** "ഭൂമിയുടെ വിലാപത്തെപ്പറ്റി ശ്രദ്ധവേണം. ഏറ്റവും കൂടുതൽ സഹിക്കുന്ന സാധുക്കളുടെ വിലാപത്തെപ്പറ്റിയും ശ്രദ്ധവേണം".
5. **കൂടെനടക്കുന്ന ദൈവത്തെപ്പറ്റി :** "വിശ്വാസമുള്ളപ്പോൾ പ്രതിസന്ധികൾ ഇല്ല എന്ന് കരുതരുത്. വിശ്വാസമുള്ളപ്പോൾ പ്രതിസന്ധികളെ നേരിടാനുള്ള കരുത്ത് കാണും. നാം ഒറ്റക്കല്ല എന്ന തിരിച്ചറിവാണ് വിശ്വാസിക്ക് ശക്തി പകരുന്നത്".
6. **സ്നേഹത്തെപ്പറ്റി :** "പ്രതിസന്ധികളിൽപോലും സ്നേഹം നന്മയുടെ സാധ്യതകൾ കണ്ടെത്തും. കൂരിരുട്ടുള്ള രാത്രിയിലും സ്നേഹം ചെറിയ ജ്വാലകളെപ്പോലും കെടാതെ കാക്കും".
7. **സമാധാനത്തെപ്പറ്റി :** "സമാധാനം ഒരു അതുല്യസമ്മാനമാണ്. അതിനെ പ്രോത്സാഹിപ്പിക്കണം, സംരക്ഷിക്കണം. അക്രമം ഒരിക്കലും സമാധാനം പുനഃസ്ഥാപിച്ചിട്ടില്ല".
8. **ആത്മാവിന്റെ കഷ്ടത്തെപ്പറ്റി :** "ഭയം, മുൻവിധി, തെറ്റായ മതാത്മകത എന്നിവ ആത്മാവിനെ ബാധിക്കുന്ന കുഷ്ഠമാണ്. വലിയ അനീതികൾ ഇവ കാരണമാകുന്നു. ഇവ ദുർബലരെ ഞെരുക്കുന്നു. അവർ വെറും ചവറാണെന്ന് തോന്നിപ്പിക്കുകയും ചെയ്യുന്നു".
9. **ദൈവത്തെപ്പറ്റി :** "നമുക്കായി കാത്തിരിക്കാൻ കർത്താവിന് ഒരു മടിയും ഇല്ല. അവൻ നമ്മെ തേടി വരും. നാം വീഴുമ്പോൾ അവൻ താങ്ങി നേരെ നിർത്തും".
10. **ദൈവവിളിയെപ്പറ്റി :** "ദൈവവിളി നമ്മുടെ തിരഞ്ഞെടുപ്പിനേക്കാൾ ഉയരെയാണ്. യോഗ്യത നോക്കാതെയുള്ള കർത്താവിന്റെ ആഹ്വാനത്തോടുള്ള പ്രതികരണമാണത്".



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

## ആദരാഞ്ജലികൾ



**മാർഗരറ്റ് മേരി**
**8-03-2024**
സഭാതലം 6-ാം ബാച്ച്
തിരുവനന്തപുരം മേജർ അതിഭദ്രാസനം

## ആദരാഞ്ജലികൾ



**എസ്. മേരി**
**11-11-2023**
മാർത്താണ്ഡം ഭദ്രാസനം
1-ാം ബാച്ച്

Printed and Published by Fr. Benedict Moozhikkara OIC, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14